PALAKKAD
**Rupatha Bulletin**



Editor
**Fr. Jaimon Pallineerakkal**

Printed, Published & Owned by
**Fr. Joshy Pulikkottil**

**Bishop's House**
PB No. 4, Noorani P.O.
Palakkad- 678 004
Ph: 0491-2515277, Fax: 2525129

Printed at
**JIM Offset, Palakkad**
Kerala, 678 014, Ph: 0491- 25346

Reg. No. KERMAL14748/11/01/2011-TC

Single Copy - ₹ 16.50
Annual Subscription- ₹ 200

## ഉള്ളടക്കം

സർക്കുലർ.................................................. 03
സർക്കുലർ – കെ.സി.ബി.സി....................... 08
Bishop's Engagement..................................11
From the Bishop's Office........................... 12
പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട്............14
നിത്യാരാധനാ കപ്പേള....................................16
വിശ്വാസപരിശീലനവേദി.................................17
സ്റ്റാർസ്........................................................22
ബൈബിൾ അപ്പോസ്റ്റലേറ്റ്..............................23
തിരുബാലസഖ്യം............................................24
അൾത്താരസംഘം..........................................24
സി.എം.എൽ................................................25
കെ.സി.വൈ.എം...........................................26
ജീസസ് യൂത്ത്..............................................27
മാതൃസംഘം..................................................29
ഫാമിലി അപ്പോസ്റ്റലേറ്റ്..................................29
എ.സി.സി.എച്ച്.............................................30
കരിസ്മാറ്റിക് വാർത്തകൾ...........................30
ജീസസ് ഫ്രറ്റേണിറ്റി.......................................31
സെഹിയോൻ മിനിസ്ട്രീസ്.............................33
മീഡിയ & കമ്മ്യൂണിക്കേഷൻസ്.......................34
പി. എസ്. എസ്. പി.......................................34
From the Bishop's Diary...............................38

**സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്**
**കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി**
**തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും**
**മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും**
**തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന**
**എല്ലാ ദൈവജനത്തിനും എഴുതുന്നത്.**

**കർത്താവിന്റെ കൃ പ നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!**

'പ്രേഷിതയായിരിക്കുക' എന്നത് തിരുസഭയുടെ ദൈവവിളിയാണ്. മാമ്മോദീസായിലൂടെ ദൈവദാനമായി സ്വീകരിച്ചിരിക്കുന്ന ഈ ദൈവവിളി എല്ലാവരുമായി പങ്കുവയ്ക്കുവാൻ ഓരോ ക്രൈസ്തവനും കടപ്പെട്ടവനാണ്. "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതം!" (1കോറി 9:16) എന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾ ഇവിടെ അർത്ഥവത്താണ്. മിശിഹായിലൂടെ ലഭിച്ച പ്രേഷിതദൗത്യത്തെക്കുറിച്ച് ബോധ്യമുണ്ടായിരുന്ന ശ്ലീഹന്മാർ പ്രഘോഷണം, ജീവിതസാക്ഷ്യം എന്നിവ വഴി അത് നിർവഹിച്ചു. അതുപോലെ ആദിമക്രൈസ്തവസമൂഹവും ഒരു ഹൃദയവും ഒരാത്മാവുമായി വർത്തിച്ചുകൊണ്ട് തങ്ങളുടെ വിളി അതിന്റെ പൂർണ്ണതയിൽ ജീവിക്കുകയും അനേകരെ സഭാകൂട്ടായ്മയിലേക്ക് ആകർഷിക്കുകയും ചെയ്തു. ഇപ്രകാരം സഭ ലോകത്തിന്റെ നാനാഭാഗങ്ങളിലും പടർന്നുപന്തലിച്ചു.

ഈശോമിശിഹാ സഭയെ ഭരമേല്പിച്ച പ്രേഷിതദൗത്യത്തിന്റെ അനുസ്മരണവും ആഘോഷവുമാണ് ആഗോള കത്തോലിക്കാസഭ ഒക്ടോബർ മാസത്തിലെ മിഷൻ സൺഡേ ആചരണത്തിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഈ ആചരണം വിജയകരമാക്കുവാൻ സഭാമക്കൾ നൽകുന്ന സഹകരണം പ്രശംസനീയമാണ്. കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ ഒരു വ്യക്തി സഭയായ സീറോമലബാർ സഭയ്ക്ക് മിഷൻ രൂപതകളും, മിഷൻ പ്രദേശങ്ങളുമുണ്ടല്ലോ. പ്രസ്തുത മിഷൻ പ്രവർത്തനങ്ങളിൽ പങ്കുചേരേണ്ടത് നമ്മുടെ പ്രത്യേകമായ ഉത്തരവാദിത്വമാണെന്ന് സീറോ മലബാർ ബിഷപ്പ്സ് സിനഡ് വിലയിരുത്തുകയും, സഭയുടെ മിഷൻ പ്രവർത്തനങ്ങളെ ശാക്തീകരിക്കുന്നതിനുവേണ്ടി ദനഹാ തിരുനാൾ കഴിഞ്ഞുവരുന്ന ഞായറാഴ്ച 'സീറോ





മലബാർ മിഷൻ സൺഡേ'യായി ആചരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. വർഷംതോറും നടത്തിവരുന്ന ഈ 'സീറോ മലബാർ മിഷൻ സൺഡേ' കൂടുതൽ ഉപകാരപ്രദവും, അർത്ഥപൂർണ്ണവുമായ രീതിയിൽ ആചരിക്കേണ്ടതിന്റെ ആവശ്യകത 2014 ഓഗസ്റ്റിൽ കൂടിയ സിനഡ് ചർച്ച ചെയ്യുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം മുതൽ ചെറുപുഷ്പ മിഷൻലീഗ്, സി.എൽ.സി, ജീസസ്സ് യൂത്ത് എന്നീ സംഘടനകളുടെ പ്രത്യേക സഹകരണത്തോടെയായിരിക്കും സീറോ മലബാർ മിഷൻ സൺഡേ ആഘോഷിക്കുക. 2015-ൽ ജനുവരി 11 ഞായറാഴ്ചയാണ് സീറോ മലബാർ മിഷൻ സൺഡേയായി ആചരിക്കുന്നത്.

ഇത് സംബന്ധിച്ചുള്ള സർക്കുലർ, പ്രാർത്ഥനാ കാർഡുകൾ, വാൾപോസ്റ്ററുകൾ, കുടുംബങ്ങൾക്കും സ്ഥാപനങ്ങൾക്കും നൽകുവാനുള്ള കവറുകൾ, എന്നിവ മുൻകൂട്ടി അയയ്ക്കുന്നതാണ്. 'സീറോ മലബാർ മിഷൻ സൺഡേ'യെക്കുറിച്ചുള്ള അവബോധം സഭാമക്കളിൽ എത്തിക്കുവാൻ ഭക്തസംഘടനകൾ പ്രത്യേകം പരിശ്രമിക്കേണ്ടതാണ്. 'മിഷൻ സൺഡേ'യോടനുബന്ധിച്ചുള്ള വി.കുർബാനയിൽ മിഷനറിമാരുടെ പ്രേഷിതാനുഭവങ്ങൾ പങ്കുവയ്ക്കാനുള്ള അവസരങ്ങൾ ഒരുക്കുന്നത് നന്നായിരിക്കും. അതുപോലെ, വിശ്വാസികളിൽ പ്രേഷിതാവബോധം വളർത്തുവാനുതകുന്ന കർമ്മപരിപാടികൾ ഇടവക, ഫൊറോനാ തലങ്ങളിൽ ആസൂത്രണം ചെയ്യുന്നതും ഫലപ്രദമായിരിക്കും. കുടുംബ കൂട്ടായ്മകളിലും, മതബോധന ക്ലാസ്സുകളിലും സീറോ മലബാർ സഭ മിഷൻ പ്രദേശങ്ങളിൽ നല്കിവരുന്ന ത്യാഗോജ്ജ്വലമായ സേവനങ്ങളെകുറിച്ച് ചർച്ചചെയ്യുന്നതിനും, മിഷൻ ദൈവവിളികൾ പ്രോത്സാഹിപ്പിക്കുന്നതിനും, മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനുവേണ്ടി ധനം സമാഹരിക്കുന്നതിനുള്ള അവസരമായിക്കൂടി 'സീറോ മലബാർ മിഷൻ സൺഡേ' ആചരണം പ്രയോജനപ്പെടുത്തേണ്ടതാണ്.

"ജറുസലെമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾവരെ നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കും" (അപ്പ. 1:8) എന്ന ദിവ്യഗുരുവിന്റെ ആഹ്വാനം പത്രോസ്, പൗലോസ് ശ്ലീഹന്മാർ റോമായിലും, തോമാശ്ലീഹാ ഭാരതത്തിലും, ഇതര ശിഷ്യന്മാർ ലോകത്തിന്റെ മറ്റുഭാഗങ്ങളിലും നിർവഹിച്ചു. മാർ തോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനത്താൽ രൂപംകൊണ്ട

മാർതോമാ ക്രിസ്ത്യാനികളുടെ സഭാ പാരമ്പര്യത്തിൽ നിലനിന്നു പോരുന്നതാണ് സീറോ മലബാർ സഭ. തോമാശ്ലീഹായുടെ പ്രേഷിത തീക്ഷ്ണതയാണ് നമ്മുടെ മിഷൻപ്രവർത്തനങ്ങളെ എന്നും പ്രചോദിപ്പിക്കുകയും, ശക്തിപ്പെടുത്തുകയും ചെയ്യുന്നത്.

ഭാരതത്തിന്റെ സുവിശേഷവത്ക്കരണത്തിലും സാർവ്വത്രിക സഭയുടെ പ്രേഷിത മുന്നേറ്റത്തിലും നമ്മുടെ സഭയുടെ സംഭാവനകൾ വളരെ വലുതാണ്. ആഗോള സഭയ്ക്ക് അനേകം മിഷനറിമാരെ പ്രദാനംചെയ്യുവാൻ നമ്മുടെ സഭയ്ക്ക് സാധിച്ചതിൽ കാരുണ്യവാനായ ദൈവത്തിനു കൃതജ്ഞതയർപ്പിക്കാം. മാർ തോമാശ്ലീഹാ പകർന്നു നൽകിയ പ്രേഷിതചൈതന്യം സ്വജീവിതത്തിൽ പ്രാവർത്തികമാക്കി നമുക്കു മുമ്പേ കടന്നുപോയ മിഷനറിമാരെ നന്ദിയോടെ ഓർമ്മിക്കാം.

'പ്രേഷിതതീക്ഷ്ണത ഇല്ലാത്ത സഭ, കർത്താവിന്റെ ശാപം ഏറ്റുവാങ്ങിയ കായ്ക്കാത്ത അത്തിമരത്തെപ്പോലെയാണെന്നാണ്' പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപ്പാപ്പ നമ്മെ ഓർമ്മപ്പെടുത്തുന്നത്. പ്രേഷിതചൈതന്യമില്ലാത്ത സഭ ജീവനില്ലാത്ത സഭയാണ്. സഭയുടെ ജീവന്റെ അടയാളം അതിന്റെ പ്രേഷിതോന്മുഖതയാണ് (EN.14). അതുകൊണ്ടുതന്നെ സുവിശേഷവത്ക്കരണം സഭാമക്കളുടെ കൂട്ടുത്തരവാദിത്വവും അവകാശവും കടമയുമാണ്. സഭയുടെ കാനോനിക പ്രബോധനങ്ങളിൽ സുവിശേഷവത്ക്കരണം എല്ലാ സഭാവിശ്വാസികളുടെയും ഉത്തരവാദിത്വമാണെന്ന് പറയുന്നുണ്ടെങ്കിലും ഈ ഉത്തരവാദിത്വം പലപ്പോഴും അജപാലകരായ വൈദികരുടെയും മിഷൻരംഗത്ത് സേവനം ചെയ്യുന്ന ഏതാനും മിഷനറിമാരുടെയും മാത്രം ചുമതലയായി പരിഗണിക്കുന്നത് തെറ്റായ പ്രവണതയാണ്. പ്രാർത്ഥനകൊണ്ടും, പരിത്യാഗംകൊണ്ടും, ആളുകൊണ്ടും, അർത്ഥംകൊണ്ടും എല്ലാ സഭാതനയരും പ്രേഷിതപ്രവർത്തനത്തിൽ കൂട്ടുപങ്കാളികൾ ആകേണ്ടതാണ്. ഈ പങ്കാളിത്തപരമായുള്ള കൂട്ടുത്തരവാദിത്വം അല്മായർ വ്യക്തിഗതമായും സംഘാതമായും പരിപ്പോഷിപ്പിക്കേണ്ടതാണ് (മിഷൻ പോളിസി 1,5,7,9, സീറോ മലബാർ സഭയുടെ പ്രേഷിതപ്രവർത്തനമാർഗ്ഗരേഖ).

മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സുവിശേഷപ്രഘോഷണത്തിന് വ്യത്യസ്തങ്ങളായ സമീപനങ്ങളും, രീതികളും അവലംബിക്കുവാൻ നമുക്ക് സാധിക്കണം. ആധുനിക സമ്പർക്കമാധ്യമങ്ങൾ ഉപയോഗിച്ച് അൽമായരുടെ പങ്കാളിത്തത്തോടെ





സഭ മിഷൻ രംഗത്ത് മുന്നേറ്റം നടത്തേണ്ടതാണ്. അല്മായർ സഭയുടെ മിഷൻ പ്രവർത്തനങ്ങളിൽ സജീവമാകുന്നത് മിഷൻപ്രദേശങ്ങളുടെ ദ്രുതഗതിയിലുള്ള വളർച്ചയ്ക്ക് ഉപകരിക്കും.

സഭ സ്വഭാവത്താലെ പ്രേഷിതയാണെങ്കിൽ, ക്രിസ്തീയ കുടുംബവും അതിന്റെ ക്രിസ്തീയ സ്വഭാവത്താൽ തന്നെ പ്രേഷിതയാണ് (മിഷൻ പോളിസി 7:6). വിശ്വാസപരിശീലനത്തിന്റെയും അനുദിനസാക്ഷ്യത്തിന്റെയും കേന്ദ്രം കുടുംബമാകയാൽ, മാതാപിതാക്കളുടെ മാതൃകാപരമായ ജീവിതം, കുടുംബപ്രാർത്ഥന എന്നിവയിലൂടെ കുടുംബങ്ങൾ സുവിശേഷവത്ക്കരിക്കപ്പെടണം. മിഷനറിമാർക്കുവേണ്ടി പ്രാർത്ഥിക്കുവാനും, കുടുംബത്തിൽ മിഷൻ ദൈവവിളികൾ പ്രോത്സാഹിപ്പിക്കുവാനും മാതാപിതാക്കൾക്ക് സാധിക്കണം.

സീറോ മലബാർ സഭയുടെ പ്രേഷിതാഭിമുഖ്യം കൂടുതൽ വളർത്തുവാനും വിശ്വാസികളുടെ സജീവമായ പങ്കാളിത്തത്തിലൂടെ മിഷനറി ദൈവവിളികളെ പ്രോത്സാഹിപ്പിക്കുവാനും, വൈദിക, സന്ന്യാസ പരിശീലനത്തിൽ സഭാമക്കളുടെ സാമ്പത്തിക സഹായം ലഭ്യമാക്കുവാനും മിഷൻഫണ്ട് സമാഹരണം കൂടുതൽ കാര്യക്ഷമമായി നടത്തുവാനുമുള്ള ക്രിയാത്മകപദ്ധതികൾ സഭയിൽ തുടങ്ങേണ്ടതാണ്. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് നമ്മുടെ സഭ **'സീറോ മലബാർ മിഷൻ സൺഡേ'** ആചരിക്കുക. കൂടാതെ, 2011-ൽ മ്മുടെ സഭ മിഷൻ വർഷം ആചരിച്ചപ്പോൾ എ. എസ്. എസ്. എം. (Association of Supporters of Syro-Malabar Mission) എന്ന അസോസ്സിയേഷന് സീറോ മലബാർ സഭയിലെ മെത്രാന്മാരുടെ സിനഡ് രൂപംകൊടുക്കുകയും ചെയ്തു. നമ്മുടെ മിഷൻ രൂപതകളെയും, മിഷൻ പ്രദേശങ്ങളെയും സാമ്പത്തികമായി സഹായിക്കുക എന്നതാണ് ഈ അസോസ്സിയേഷന്റെ പ്രധാന ലക്ഷ്യം. ഈ അസോസ്സിയേഷൻ നമ്മുടെ ഇടവകകളും, വ്യക്തികളും, സന്ന്യാസ സമൂഹങ്ങളും, സ്ഥാപനങ്ങളും നൽകിയ സംഭാവനകൾ ഉപയോഗിച്ച് ഏകദേശം ഒന്നേമുക്കാൽ കോടി രൂപ സമാഹരിച്ചു. ഈ ഫണ്ട് വിവിധ മിഷൻ രൂപതകളിലെയും, മിഷൻ പ്രദേശങ്ങളിലെയും പ്രേഷിതപ്രവർത്തനങ്ങൾക്കായി വിതരണം ചെയ്യുകയും ചെയ്തു.

"നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോസ് 16:15) എന്ന ഈശോയുടെ ദിവ്യാഹ്വാനം ആധുനിക കാലഘട്ടത്തിന്റെ വെല്ലുവിളികളുടെ നടുവിൽ

ഉത്തരവാദിത്വത്തോടെ നിർവ്വഹിക്കാൻ ഏവർക്കും സാധിക്കട്ടെയെന്ന് ഞാൻ പ്രത്യാശിക്കുന്നു. പ്രവാസികളായി കഴിയുന്ന സഭാംഗങ്ങളുടെ അജപാലന ആവശ്യങ്ങൾക്ക് നേതൃത്വം വഹിക്കുന്നതിന് ഇന്ത്യയിൽ അപ്പസ്റ്റോലിക്ക് വിസിറ്റേറ്ററായി നിയമിതനായിരിക്കുന്ന അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെയും, വിദേശ രാജ്യങ്ങളിലെ നമ്മുടെ സഭാമക്കളുടെ അജപാലന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നൽകുന്ന അഭിവന്ദ്യ മാർ സെബാസ്ററ്യൻ വടക്കേൽ പിതാവിന്റെയും ഉദ്യമങ്ങൾ ഫലമണിയട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം. "അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം"എന്നു പറഞ്ഞ നമ്മുടെ അപ്പസ്തോലനായ തോമാശ്ലീഹായുടെ വാക്കുകൾ നമ്മുടെ പ്രേഷിതതീക്ഷ്ണതയെ ജ്വലിപ്പിക്കട്ടെ. സഭയുടെ മിഷൻപ്രവർത്തനങ്ങളിൽ സജീവമായി പങ്കുചേർന്നുകൊണ്ട് ക്രിസ്തുവിന് സാക്ഷ്യം വഹിക്കുവാൻ മാർ തോമാശ്ലീഹായുടെ മാദ്ധ്യസ്ഥ്യം നമുക്ക് സഹായക മാകട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ ഞാൻ നിങ്ങളെ ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**കർദ്ദിനാൾ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2014-ാം മാണ്ട് നവംബർ മാസം 24-ാം തീയതി നൽകപ്പെട്ടത്.

---

**NB:** 1. 2015 ജനുവരി 4-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ ഈ സർക്കുലർ വായിക്കേണ്ടതാണ്.

2.സീറോ മലബാർ മിഷൻ സൺഡേയിൽ ലഭിക്കുന്ന സ്തോത്രകാഴ്ച രൂപതാകേന്ദ്രത്തിൽ ഏല്പ്പിക്കേണ്ടതാണ്. പ്രസ്തുത ഫണ്ട് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന എ.എസ്.എസ്.എം. ഓഫീസിൽ ഏല്പ്പിച്ച് സീറോ മലബാർ സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതാണ്.

**+ മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതാ മെത്രൻ





## മദ്ധ്യപൗരസ്ത്യരാജ്യങ്ങളിൽ മതപീഡനം നേരിടുന്ന ക്രിസ്ത്യാനികളോട് കേരളകത്തോലിക്കാസഭയുടെ ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

ആരാധനക്രമവർഷത്തിലെ ഏറ്റവും സന്തോഷകരമായ കാലമാണല്ലോ യേശുവിന്റെ പിറവിക്കാലം. രക്ഷകന്റെ ജനനം സകലജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷവാർത്ത (ലൂക്കാ 2:10) ആയിരുന്നു. എങ്കിലും, യേശു ജനിച്ച ദിവസംതന്നെ നൂറുകണക്കിന് നിഷ്കളങ്കരായ പിഞ്ചുപൈതങ്ങൾക്കു ജീവൻ നഷ്ടപ്പെടേണ്ടിവന്നുവെന്നതും ക്രിസ്തുമസ് വിവരണത്തിന്റെ ഭാഗമാണല്ലോ. കേരളത്തിൽ നാം സ്വച്ഛമായി ക്രിസ്തുമസ് ആഘോഷങ്ങളിൽ മുഴുകുമ്പോൾ, മദ്ധ്യപൗരസ്ത്യദേശങ്ങളായ സിറിയ, ഇറാഖ്, ഈജിപ്ത് എന്നീ രാജ്യങ്ങളിലെ ക്രിസ്ത്യാനികൾ അതിക്രൂരമായ മതപീഡനം നേരിട്ടുകൊണ്ടിരിക്കുകയാണ്. വത്തിക്കാനിൽ നിന്നും പ്രസിദ്ധീകരിച്ച കണക്കനുസരിച്ച് ഒരുവർഷം ശരാശരി ഒരുലക്ഷം ക്രിസ്ത്യാനികൾ ലോകമെങ്ങും വിശ്വാസത്തെപ്രതികൊല്ലപ്പെടുന്നുണ്ട്.

നമ്മുടെ കർത്താവും പരിശുദ്ധ അമ്മയും ശ്ലീഹന്മാരുമൊക്കെ ജനിക്കുകയും ജീവിക്കുകയും മരിക്കുകയും ചെയ്തിട്ടുള്ള മദ്ധ്യ പൗരസ്ത്യദേശങ്ങളിൽ നിന്ന് ക്രൈസ്തവമതത്തെ വേരോടെ പിഴുതെറിയാൻ ചില മതതീവ്രവാദികൾ നടത്തുന്ന കുത്സിത ശ്രമങ്ങളെക്കുറിച്ച് മാദ്ധ്യമങ്ങളിലൂടെ നാം മനസ്സിലാക്കിയിട്ടുണ്ട്. ഇറാക്കിൽ സദാംഹുസൈന്റെ കാലശേഷവും, ഈജിപ്റ്റിലും ലിബിയായിലും ഭരണാധികാരികളെ പുറത്താക്കിയതിനുശേഷവും, ഇപ്പോൾ സിറിയായിൽ നടക്കുന്ന സിവിൽയുദ്ധത്തിന്റെ മറപിടിച്ചും, അൽക്വൈദ എന്ന തീവ്രവാദസംഘടനയുടെ ഒരുശാഖ ISIL (Islamic State in Iraq and the Levant)എന്ന പേരിൽ രംഗപ്രവേശം ചെയ്തിരിക്കയാണ്. ഇതിനകം പതിനായിരക്കണക്കിന് ക്രിസ്ത്യാനികളെയും ISIL നെ അംഗീകരിക്കാത്ത യെസിദീ, ആലവൈറ്റ്, തുർക്കുമാൻ എന്നീ വംശജരെയും കൊന്നൊടുക്കിക്കൊണ്ടിരിക്കുകയാണ്. നാസിഭരണകാലത്ത് ജർമ്മനിയിലും പോളണ്ടിലുമൊക്കെ നടന്ന യഹൂദരുടെ കൂട്ടക്കൊലയെഹോളോകോസ്റ്റ് (സമ്പൂർണ്ണദഹനബലി) എന്ന് വിളിക്കാറുണ്ട്. ഈ പ്രദേശങ്ങളിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത് ക്രൈസ്തവരുടെ ഹോളോകോസ്റ്റ് ആണ്. ISIL

പിടിച്ചെടുത്ത പ്രദേശങ്ങളിലുള്ള അമുസ്ലീമുകൾക്ക് അവർ അന്ത്യശാസനം നൽകി: ഒന്നുകിൽ മുസ്ലീം ആകുക, അല്ലെങ്കിൽ ഭാരിച്ച മതനികുതി നൽകുക, അതുമല്ലെങ്കിൽ വധിക്കപ്പെടാൻ തയ്യാറായിക്കൊള്ളുക. ക്രിസ്ത്യാനികളടെ ഭവനങ്ങൾ കണ്ടുപിടിച്ച് അറബിഭാഷയിലെ 'N' എന്ന അക്ഷരം അടയാളപ്പെടുത്തും. അതിന്റെ അർത്ഥം "നസ്രാണി = നസറായനായ യേശുവിനെ പിൻചെല്ലുന്നവൻ"എന്നാണ് അങ്ങനെയുള്ള കുടുംബങ്ങളുടെ സ്വത്തുക്കൾ ഇസ്ലാമിക് സ്റ്റേറ്റിന്റേതായി മാറും.

പണവും ആഭരണങ്ങളും ഉപേക്ഷിച്ച് ഉടുവസ്ത്രം മാത്രമായി വിട്ടുപൊയ്ക്കൊള്ളണം. ആയിരക്കണക്കിനു ക്രിസ്ത്യാനികൾ, ടർക്കി, ലെബനോൻ, യോർദ്ദാൻ എന്നീ രാജ്യങ്ങളിലേക്കു പലായനം ചെയ്തിട്ടുണ്ട്.ചില കുടുംബങ്ങൾ വെള്ളവും ഭക്ഷണവുമില്ലാതെ മരുഭൂമിയിൽ മരിച്ചുവീണു. ആയിരക്കണക്കിന് ആൾക്കാർ മഞ്ഞുപെയ്യുന്ന പർവ്വതനിരകളിൽ കുടുങ്ങിപോയിട്ടുണ്ട്. അവർക്ക് കുടിവെള്ളം, ഭക്ഷണം, കമ്പിളിവസ്ത്രങ്ങൾ, ജീവൻ സംരക്ഷണ - ഔഷധങ്ങൾ എന്നിവ എത്തിച്ചുകൊടുക്കുന്നില്ലെങ്കിൽ അവരും മരണപ്പെടും.

ലോകം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ഭയാനകമായ മനുഷ്യാവകാശധ്വംസനങ്ങളിൽ ഒന്നാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. പരസ്യമായ കൂട്ടക്കൊലകൾ, ശിരഛേദനം, തട്ടിക്കൊണ്ടുപോകൽ, സ്ത്രീകളെ ബലാത്സംഗംചെയ്യൽ, ചെറുബാലികമാരെവരെ ലൈംഗികഅടിമകളാക്കൽ, ജീവനോടെ മനുഷ്യരെ കുഴിച്ചുമൂടുകയോ അഗ്നിക്കിരയാക്കുകയോ ചെയ്യൽ, ഒരേ കുടുംബത്തിലുള്ളവരെ തമ്മിൽ വേർപിരിക്കൽ, കൊച്ചുകുഞ്ഞുങ്ങളെ അമ്മമാരിൽ നിന്നും പിടിച്ചുപറിച്ചുകൊണ്ടുപോകൽ, പുരുഷന്മാരെക്കൊണ്ട് അവരുടെ തന്നെ ശവക്കുഴിവെട്ടിച്ചശേഷം അവരെ വെടിവച്ച് കുഴിയിലേക്ക് വീഴിക്കൽ എന്നീ നിഷ്ഠൂര പീഡനങ്ങൾ ആർക്കും ഇന്റർനെറ്റിൽ കാണാവുന്നതാണ്. അനേകം ക്രൈസ്തവദേവാലയങ്ങളും പുണ്യസ്ഥലങ്ങളും ബോംബ്വച്ച് നശിപ്പിച്ചുകഴിഞ്ഞു. രണ്ടുവർഷം മുമ്പ് തട്ടിക്കൊണ്ടുപോയ രണ്ടുമെത്രാന്മാരും ഒരു വൈദികനും ജീവിച്ചിരുപ്പുണ്ടൊ എന്നതിന് സൂചനയൊന്നുമില്ല. ISILന്റെ ക്രൂരതകൾ റിപോർട്ട്ചെയ്ത രണ്ട് പത്രപ്രവർത്തകരുടെ കഴുത്ത് അറക്കുന്നതിന്റെ ചലച്ചിത്രം ലോകമനസാക്ഷിയെ ഞെട്ടിക്കുന്നതായിരുന്നു.

ശ്ലൈഹീകകാലംമുതൽ ഇന്നുവരെ നിലനിന്നിട്ടുള്ള ഏതാനും അപ്പസ്തോലികസഭകളാണ് നമ്മുടെ ജീവിതകാലത്ത് അപ്രത്യക്ഷമാകാൻ പോകുന്നത്. ഇപ്പോൾതന്നെ ഈ സഭകളുടെ അംഗസംഖ്യ





മൂന്നിലൊന്നായി ചുരുങ്ങിയിട്ടുണ്ട്. മൂന്ന് ലക്ഷം പേർ വിവിധ രാജ്യങ്ങളിൽ അഭയാർത്ഥികളായിത്തീർന്നിട്ടുണ്ട്. ഇത്ര വലിയ ദുരന്തത്തിന്റെ നടുവിലും സ്വന്തരാജ്യവും സംസ്കാരവും വിശ്വാസവും വെടിയില്ല എന്ന ദൃഢനിശ്ചയത്തിൽ പിടിച്ചുനില്ക്കുന്ന ക്രൈസ്തവ സഹോദരരും, അവരെ അനുഗമിച്ച് ബലപ്പെടുത്തുന്ന വൈദികരും, സന്ന്യസ്തരും ലോകത്തിന് വലിയസാക്ഷ്യം നല്കുന്നു. നമ്മുടെ സഹോദരീസഭകളിലെ ക്രിസ്ത്യാനികൾ കുടിവെള്ളവും ഭക്ഷണവും അതിശൈത്യത്തിൽനിന്ന് രക്ഷപെടാൻ വസ്ത്രങ്ങളും കിടപ്പാടങ്ങളുമില്ലാതെ ക്ലേശിക്കുമ്പോൾ, അവരുടെ നിലവിളികേട്ടില്ലായെന്ന് നടിക്കുന്നത് പാപകരമായ അനാസ്ഥയാണ്.

2014 ഡിസംബർ 9-11 വരെ കൂടിയ കേരള കത്തോലിക്കാ മെത്രാൻസമിതിയിൽ മദ്ധ്യപൗരസ്ത്യദേശത്തെ ക്രിസ്ത്യാനികളോടുള്ള ഐക്യദാർഢ്യം പ്രഖ്യാപിക്കാനും, അവർക്കുവേണ്ടി പ്രാർത്ഥിക്കാനും, അവരുടെ അടിയന്തിരാവശ്യങ്ങൾ കണക്കിലെടുത്ത് ഒരുലക്ഷം ഡോളറിൽ കുറയാത്ത ഒരുസംഖ്യ എത്തിച്ചുകൊടുക്കാനും തീരുമാനമായിട്ടുണ്ട്. നമ്മുടെ എല്ലാ രുപതകളിലും, ഒരു പ്രത്യേക പിരിവ് എടുക്കുകയും രൂപതയിലൂടെ അതു താമസിയാതെ P.O.C ഡയറക്ടറുടെ പേരിൽ അയച്ചു കൊടുക്കുകയും വേണം. ഇന്ത്യയിലെ പരിശുദ്ധപിതാവിന്റെ പ്രതിനിധി വഴി പ്രസ്തുത തുക ബന്ധപ്പെട്ടവർക്ക് എത്തിച്ചുകൊടുക്കുന്നതാണ്. ഇക്കാര്യത്തിൽ എല്ലാവരുടെയും ത്യാഗനിർഭരവും ഔദാര്യപൂർണ്ണവുമായ സഹകരണം അഭ്യർത്ഥിക്കുന്നു.

നമ്മുടെ എല്ലാ ധാരണയെയും അതിലംഘിക്കുന്ന ദൈവത്തിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും ചിന്തകളെയും യേശുക്രിസ്തുവിൽ കാത്തുകൊള്ളട്ടെ (ഫിലി 4;7) എന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ**

പ്രസിഡന്റ്, കെ.സി.ബി.സി.

| | |
|---|---|
| **ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം** | **ബിഷപ്പ് ജോസഫ് കരിയിൽ** |
| വൈസ് പ്രസിഡന്റ്, കെ.സി.ബി.സി. | സെക്രട്ടറി ജനറൽ, കെ.സി.ബി.സി. |

---

2015 ജനുവരി മാസത്തിലെ ഒരു ഞായറാഴ്ച ഈ സർക്കുലർ നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലിയർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയൊ, ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയൊ ചെയ്യണം.

**+ മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതാ മെത്രാൻ



# 2015 BISHOP'S Engagements

**2015 January**

| | | |
|---|---|---|
| 1 | 9.30AM | Ordination, Rajagiri |
| 3 | 9.30AM | Ordination, Kadambur |
| 4 | PM | St. Raphael's Cathedral, Palakkad |
| 5-9 | | Synod, Mt. St. Thomas, Kakkanad |
| 10 | AM | Meeting Pastoral Centre |
| | PM | Ollur |
| 12 | 9.30AM | Ordination, Neethipuram |
| | PM | Sreekrishnapuram |
| 13 | | Monthly Recollection |
| 15 | AM | St. Mary's Minor Seminary, Kallepully |
| | PM | Carmel School, Palakkayam |
| 16 | | Mount St. Thomas, Kakkanad |
| 17 | | Jubilee, Seraphic Province |
| 18 | | St. Thomas Forane Church, Kanjirapuzha |
| 21 | | Paalana Hospital |
| 22 | | Health Commission Meeting, POC |
| 23 | PM | Nirmala Matha School, Malampuzha |
| 24 | PM | Little Flower Church, Alathur |
| 25 | PM | Youth Conference, Yuvakshetra College, Mundur |
| | | Meeting, Pastoral Centre |
| 26 | | St. Peter's Convent, Kookkampalayam |
| 27 | | Sehion Retreat Centre, Thavalam |
| 29 | PM | Jayamatha College, Palakkad |
| 31 | AM | Meeting, Pastoral Centre |
| | PM | St. Mary's School, Thathamangalam |

**2015 February**

| | | |
|---|---|---|
| 4 | | Pre-Cana, Yuvakshetra |
| 5 | | Mannampetta |
| 7 | | Jai Christo Provincial House, Palakkad |







# From the Bishop's Office

## സമർപ്പിതവർഷത്തിന്റെ രൂപതാതല ഉദ്ഘാടനവും വി. ചാവറയച്ചന്റെയും വി. ഏവുപ്രാസ്യാമ്മയുടെയും തിരുനാളാഘോഷവും

കത്തോലിക്ക സഭ സാർവ്വത്രികമായി 2014 നവംബർ 30-ാം തിയ്യതി മുതൽ 2016 ഫെബ്രുവരി 2 വരെ സമർപ്പിത വർഷമായി ആചരിക്കുകയാണല്ലോ. ആയതിന്റെ രൂപതാതല ഉദ്ഘാടനം 2015 ജനുവരി 4-ാം തിയ്യതി ഞായാറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് സെന്റ് റാഫേൽ കത്തീഡ്രലിൽ വെച്ച് നിർവ്വഹിക്കുന്നതാണ്. അതിനോടനുബന്ധിച്ച് വിശുദ്ധ ചാവറയച്ചന്റെയും വിശുദ്ധ ഏവുപ്രാസ്യാമ്മയുടെയും തിരുനാളും ആഘോഷിക്കുന്നതാണ്. അന്നേദിവസം അർപ്പിക്കുന്ന ദിവ്യബലിയിൽ ബഹു. എല്ലാ വൈദികരും എന്നോടൊപ്പം സഹകാർമ്മികരായി സംബന്ധിക്കേണ്ടതാണ്. സുൽത്താൻപേട്ട രൂപതാദ്ധ്യക്ഷൻ റൈറ്റ് റവ. ഡോ. പീറ്റർ അബീർ അന്തോണി സാമി തിരുനാൾ പ്രദക്ഷിണത്തിന് കാർമ്മികത്വം വഹിക്കുന്നതും സമാപനാശീർവാദം നൽകുന്നതുമാണ്. കുർബാനമദ്ധ്യേ CMI മുൻ ജനറാൾ ബഹു. ജോസ് പന്തംപ്ലാംതൊട്ടിയിൽ അച്ചൻ സുവിശേഷപ്രഘോഷണം നടത്തും. പ്രസ്തുത കുർബാനയിൽ സന്ന്യാസസമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സും കൗൺസിലേഴ്സും സന്ന്യാസഭവനങ്ങളുടെ സുപ്പീരിയേഴ്സും രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും ഇടവക കൈക്കാരന്മാരും പങ്കെടുക്കേണ്ടതാണ്. തിരുക്കർമ്മങ്ങൾക്കുശേഷം എല്ലാവർക്കും ലഘുഭക്ഷണം നൽകപ്പെടുന്നതാണ്. അതേ തുടർന്ന് പാലക്കാട് കത്തീഡ്രൽ ഇടവക ഒരുക്കിയിരിക്കുന്ന ജീവനുള്ള പുൽക്കൂട് (Live Crib) സന്ദർശിക്കുന്നതിനുള്ള അവസരവും ഉണ്ടായിരിക്കുന്നതാണ്. സമർപ്പിതവർഷത്തിന്റെ ഇടവകതല ഉദ്ഘാടനം 2015 ജനുവരി 11-ാം തിയ്യതി ഞായറാഴ്ച ബഹു. വികാരിയച്ചന്മാർ നിർവ്വഹിക്കേണ്ടതാണ്. രൂപതയിൽനിന്ന് നൽകിയിരിക്കുന്ന സമർപ്പിതവർഷ പ്രാർത്ഥന നമ്മുടെ എല്ലാ ഭവനങ്ങളിലും കുടുംബപ്രാർത്ഥനയോടുകൂടി ചൊല്ലേണ്ടതാണ്. അനുദിന കുർബാനയിൽ ചൊല്ലേണ്ടതിനായി നൽകിയിരിക്കുന്ന കാറോസൂസ പ്രാർത്ഥന ഈ സമർപ്പിതവർഷത്തിൽ എല്ലാ ദൈവാലയങ്ങളിലും ചൊല്ലണം. കുർബാനയ്ക്കുശേഷം 'വൈദികർക്കും സമർപ്പിതർക്കും' വേണ്ടി ചൊല്ലുന്ന പ്രാർത്ഥന അതേപടി തുടരുകയും വേണം.

നവവത്സരാശംസകൾ നേർന്നുകൊണ്ട്,

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതാ മെത്രാൻ

**നവവൈദികർക്ക് ആശംസകൾ**

നമ്മുടെ രൂപതയ്ക്കുവേണ്ടി ഈ വർഷം തിരുപ്പട്ടം സ്വീകരിച്ച നെന്മാറ ഇടവകാംഗം ഡീ. ടോണി അറക്കൽ, തൃശ്ശൂർ പൊന്നൂർ ഇടവകാംഗം ഡീ. ലിവിൻ ചുങ്കത്ത്, കരിമ്പ ഇടവകാംഗം ഡീ. ജോബിൻ കാഞ്ഞിരത്തിങ്കൽ, പൊന്നംകോട് ഇടവകാംഗം ഡീ. ജെയിംസ് കാവാലത്ത്, ഒലവക്കോട് ഇടവകാംഗം ഡീ. റെന്നി പൊറത്തൂർ, കടമ്പൂർ ഇടവകാംഗം ജിതിൻ വേലിക്കകത്ത് എന്നിവർക്ക് പ്രാർത്ഥനാശംസകൾ.

**വൈദികരുടെ മാസധ്യാനം**

ജനുവരി 13-ാം തിയ്യതി വൈദികരുടെ മാസധ്യാനം അരമനയിൽവെച്ച് നടത്തപ്പെടുന്നു. അന്നേദിവസം നവവൈദികർക്ക് സ്വീകരണം നൽകുന്നതാണ്. എല്ലാ വൈദികരും ധ്യാനത്തിൽ സംബന്ധിക്കേണ്ടതാണ്.

**ത്രൈമാസ സമ്മേളനം**

ഫെബ്രുവരിയിലെ മാസധ്യാനം അതത് ഫൊറോനാകേന്ദ്രങ്ങളിൽ വെച്ച് നടത്തേണ്ടതാണ്. ഫെബ്രുവരിയിൽ യുവക്ഷേത്രയിൽ വെച്ച് 23-ാം തിയ്യതി തിങ്കളാഴ്ച വൈകുന്നേരം 6 മണിക്ക് ആരംഭിച്ച് 24-ാം തിയ്യതി ഉച്ചയ്ക്ക് അവസാനിക്കുന്നവിധം ത്രൈമാസ സമ്മേളനം നടത്തപ്പെടുന്നതാണ്. എല്ലാ വൈദികരും അതിൽ സംബന്ധിക്കേണ്ടതാണ്.

**വൈദികരുടെ വാർഷികധ്യാനം**

ബഹു. വൈദികരുടെ ഈ വർഷത്തെ വാർഷികധ്യാനം സെപ്തംബർ 14 മുതൽ 19 വരെ യുവക്ഷേത്രയിൽവെച്ച് നടത്തപ്പെടുന്നതാണ്.

**വാർഷിക സ്ഥിതിവിവര കണക്കുകൾ**

ഇടവകകളും സ്ഥാപനങ്ങളും 2014 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള വാർഷിക സ്ഥിതിവിവരകണക്കുകൾ തയ്യാറാക്കി ജനുവരി 31ന് മുമ്പ് രൂപതാ ചാൻസിലറെ ഏൽപ്പിക്കേണ്ടതാണ്. സ്ഥിതിവിവര കണക്കുകൾ നൽകുവാനുള്ള ഫോം ജിം ഓഫ്സെറ്റ് പ്രസ്സിൽ പ്രവർത്തിക്കുന്ന രൂപതാ ഓഫീസ് കൗണ്ടറിൽ നിന്നും ലഭ്യമാണ്.

**പള്ളി രജിസ്റ്റർ സോഫ്റ്റ്വെയർ**

പള്ളികളുടെ ആത്മസ്ഥിതി പുസ്തക കണക്കുരേഖപ്പെടുത്തുന്ന രൂപതയുടെ കമ്പ്യൂട്ടർ സോഫ്റ്റ്വെയർ തയ്യാറായിരിക്കുന്നു. CD-കൾ JIM & Sanjo സെന്ററുകളിൽ ലഭ്യമാണ്. വിശദവിവരങ്ങൾക്ക് പേജ് 34-ൽ മീഡിയ & കമ്മ്യൂണിക്കേഷൻസ് വാർത്തകാണുക.





## പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട്

രൂപതാ വൈദികസമിതി യോഗം 2014 ഡിസംബർ 6-ാം തിയ്യതി രാവിലെ 10.45 ന് രൂപതാ കാര്യാലയത്തിൽവെച്ച് അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ബഹു. ജെയ്ജിൻ വെള്ളിയാംകണ്ടത്തിൽ അച്ചന്റെ പ്രാർത്ഥനയ്ക്കുശേഷം പിതാവ് എല്ലാവരേയും സ്വാഗതം ചെയ്തു. തുടർന്ന് സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ട് യോഗം അംഗീകരിച്ചു. റൂബിജൂബിലിയോടനുബന്ധിച്ച് അരംഭിച്ച ജനപ്രകാശം എന്ന പത്രത്തെക്കുറിച്ച് നടത്തിയ അവലോകനത്തിൽ പൊതുവേ നല്ല മതിപ്പാണ് ജനങ്ങൾക്കുള്ളതെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. പത്രത്തിന്റെ കെട്ടുംമട്ടും മെച്ചപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങൾ യഥാസമയം അറിയിക്കണമെന്ന് പിതാവ് സൂചിപ്പിച്ചു.

പരിശുദ്ധ പിതാവ് 2014 നവംബർ 30-ാം തിയ്യതി ഉദ്ഘാടനം ചെയ്ത സമർപ്പിത വർഷത്തിന്റെ രൂപതാതല ഉദ്ഘാടനത്തെ സംബന്ധിച്ച് നടത്തിയ പ്രാഥമിക ആലോചനയിൽ, 2015 ജനുവരി 4-ാം തിയ്യതി പ്രസ്തുത വർഷത്തിന്റെ ഉദ്ഘാടനം നടത്തുവാൻ നിർദ്ദേശമുണ്ടായതായി പിതാവ് അറിയിച്ചു. ഇടവകകളിൽ തിരുനാളിന്റെ അവസരമാണെങ്കിലും പൊതുവിൽ സ്വീകാര്യമായ ദിവസം ജനുവരി 4-ാം തിയ്യതി ആയതിനാൽ അന്ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് നമ്മുടെ പിതാവ് അർപ്പിക്കുന്ന ദിവ്യബലിയിൽ എല്ലാ വൈദികരും സഹകാർമ്മികരായിരിക്കുവാൻ തീരുമാനിച്ചു. അന്നേദിവസം വിശുദ്ധ ചാവറയച്ചന്റെയും വിശുദ്ധ ഏവുപ്രാസ്യാമ്മയുടെയും തിരുനാളും ആഘോഷിക്കുന്നതാണ്. സുൽത്താൻപേട്ട രൂപതാദ്ധ്യക്ഷൻ റൈറ്റ് റവ. ഡോ. പീറ്റർ അബീർ അന്തോണി സാമി അവർകളെ ഈ പരിപാടിയിലേക്ക് ക്ഷണിക്കുന്നത് ഉചിതമായിരിക്കുമെന്നും കുർബാനമദ്ധ്യേ സി.എം.ഐ. മുൻ ജനറാൾ ബഹു. ജോസ് പന്തംപ്ലാംതൊട്ടിയിൽ അച്ചൻ സുവിശേഷപ്രഘോഷണം നടത്തുന്നത് അഭികാമ്യമായിരിക്കുമെന്നും സമിതിയംഗങ്ങൾ അഭിപ്രായപ്പെട്ടു. പ്രസ്തുത കുർബാനയിലും പരിപാടിയിലും സംബന്ധിക്കുന്നതിന് സന്ന്യാസസമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സ്, കൗൺസിലേഴ്സ്, സന്ന്യാസഭവനങ്ങളുടെ സുപ്പീരിയർമാർ, രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, ഇടവക കൈക്കാരന്മാർ എന്നിവരെ ക്ഷണിക്കുവാൻ തീരുമാനിച്ചു.

സമർപ്പിതവർഷാചരണത്തിന്റെ തുടർപരിപാടികൾ തയ്യാറാക്കുന്നതിന് വികാരി ജനറാൾ ബഹു. ജോസഫ് ചിറ്റിലപ്പിള്ളിയച്ചൻ കൺവീനറായും മാത്യു വാഴയിൽ, ജോമിസ് കൊടകശ്ശേരിൽ, ജോസ് പി. ചിറ്റിലപ്പിള്ളി, ജീജോ ചാലയ്ക്കൽ എന്നീ ബഹു. അച്ചന്മാർ അംഗങ്ങളുമായുള്ള കമ്മിറ്റിയെയും യോഗം തിരഞ്ഞെടുത്തു. സമർപ്പിതവർഷത്തിന്റെ ഇടവകതല ഉദ്ഘാടനം 2015 ജനുവരി 11ന് അതാത് ഇടവകകളിൽ ബഹു. വികാരിയച്ചന്മാർ നിർവ്വഹിക്കേണ്ടതാണ്.

അനുദിനമുള്ള കുർബാനയ്ക്കുശേഷം 'വൈദികർക്കും സമർപ്പിതർക്കും' ചൊല്ലുന്ന പ്രാർത്ഥനതന്നെ ഈ സമർപ്പിതവർഷത്തിലും തുടർന്നാൽ മതി

യെന്ന് യോഗം തീരുമാനിച്ചു. കുർബാനയിൽ ചൊല്ലേണ്ട കാറോസൂസ പ്രാർത്ഥനയും വീടുകളിൽ ചൊല്ലുവാനുള്ള പ്രാർത്ഥനയും അച്ചടിച്ച് ഇടവക വികാരിമാർക്ക് ലഭ്യമാക്കുവാൻ കമ്മിറ്റിയെ ചുമതലപ്പെടുത്തി. സമർപ്പിതരുടെ സംഗമം ഇടവകതലത്തിലും സാധിക്കുമെങ്കിൽ ഫൊറോന തലത്തിലും നടത്തുവാൻ തീരുമാനമായി. സമർപ്പിതവർഷാചരണത്തിന്റെ രൂപതാതല സമാപന പരിപാടികളെപ്പറ്റി കമ്മിറ്റി പിന്നീട് അറിയിക്കുന്നതാണ്. സമർപ്പിതർവഴി സഭയ്ക്കും സമൂഹത്തിനും ലഭിച്ച നിരവധി അനുഗ്രഹങ്ങളെ ദൈവജനത്തെ ബോധ്യപ്പെടുത്തേണ്ടതാണെന്ന് യോഗം അഭിപ്രായപ്പെട്ടു. സമർപ്പണജീവിതത്തെക്കുറിച്ചും അവരുടെ സേവന വെല്ലുവിളികളെക്കുറിച്ചും സുവിശേഷ പ്രഘോഷണാവസരത്തിൽ ബഹു. വികാരിയച്ചന്മാർ അനുസ്മരിക്കുന്നത് നല്ലതാണ്.

ഞായറാഴ്ചകളിൽ ഇടവക കേന്ദ്രീകൃതമായ ആരാധനാക്രമമാണ് വേണ്ടതെന്നും അതിന് സന്ന്യാസഭവനങ്ങൾ ആത്മാർത്ഥമായി സഹകരിക്കണമെന്നും അംഗങ്ങൾ ശക്തമായി അഭിപ്രായപ്പെട്ടു. അക്കാര്യത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ നടത്താമെന്ന് പിതാവ് യോഗത്തെ അറിയിച്ചു. എപ്പാർക്കിയൽ അസംബ്ലി നടത്തിയ അവലോകനവും നിർദ്ദേശകർമ്മപരിപാടികളും പിതാവ് യോഗത്തിൽ വായിക്കുകയുണ്ടായി.

എപ്പാർക്കിയൽ അസംബ്ലി സെൻട്രൽ കമ്മിറ്റിയുടെ സേവനങ്ങളെ പിതാവ് അഭിനന്ദിക്കുകയും ദൗത്യം പൂർത്തിയാക്കിയെ കമ്മിറ്റിയെ പിരിച്ചുവിട്ടതായി അറിയിക്കുകയും ചെയ്തു. അസംബ്ലി നിർദ്ദേശങ്ങളും കർമ്മപരിപാടികളും പ്രാവർത്തികമാക്കുന്നതിന് വികാരി ജനറാൾ മോൺ. ജോസഫ് ചിറ്റിലപ്പിള്ളി, ഫാ. ജോർജ്ജ് തുരുത്തിപ്പിള്ളി, ഫാ. ജീജോ ചാലയ്ക്കൽ, ഫാ. ജെയിംസ് ചക്യാത്ത്, ഫാ. മാത്യു വാഴയിൽ, ഫാ. ജോമിസ് കൊടകശ്ശേരി എന്നിവർ ഉൾക്കൊള്ളുന്ന പുതിയ കമ്മിറ്റിയെ തിരഞ്ഞെടുത്തു.

പിന്നീടുണ്ടായ പൊതുചർച്ചയിൽ നമ്മുടെ മതബോധനം വിശ്വാസജീവിത പരിശീലനത്തിന് ഊന്നൽ നൽകുന്നതാകണമെന്നും അക്രൈസ്തവർക്കായി ക്രൈസ്തവ സന്ദേശകേന്ദ്രമുണ്ടാക്കണമെന്നും സഭ ഇതുവരെ കടന്നു ചെല്ലാത്ത മേഖലകളിൽ പ്രത്യേക ശ്രദ്ധ ചെലുത്തണമെന്നും അംഗങ്ങൾ സൂചിപ്പിച്ചു. കൂടാതെ ജെല്ലിപ്പാറയിലെ കാൽവരി മൗണ്ട് തീർത്ഥാടന കേന്ദ്രമാക്കുന്നതിനെക്കുറിച്ചുള്ള അപേക്ഷ സമിതിയംഗങ്ങൾ അംഗീകരിച്ചു.

സീറോമലബാർ മിഷൻ ഞായറിനെക്കുറിച്ച് ഇടവകയിൽ മുൻക്കൂട്ടി അറിയിച്ച് നിശ്ചയിക്കപ്പെട്ട ഞായറാഴ്ചയിലെ പിരിവ് കാര്യക്ഷമമാക്കുകയും ചെയ്യണമെന്ന് പിതാവ് നിർദ്ദേശിച്ചു. കത്തോലിക്കാ കുടുംബങ്ങളിലെ മൂന്നാമത്തെ കുട്ടിക്കും നാല് മുതലുള്ള കുട്ടികൾക്കും ലഭിക്കേണ്ട ആനുകൂല്യങ്ങളെക്കുറിച്ച് പിതാവ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധികൃതരെ അറിയിക്കണമെന്നും സമിതി താല്പര്യപ്പെട്ടു. ഉച്ചയ്ക്ക് 12.30 ന് ത്രികാല ജപപ്രാർത്ഥനയോടെ യോഗം പര്യവസാനിച്ചു.

**ഫാ. ജീജോ ചാലയ്ക്കൽ,** സെക്രട്ടറി





## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 02-Feb-15 | MON | Rev. Fr. Pullukalayil Reny |
| 03-Feb-15 | TUE | Rev. Fr. Puramadathil Jino |
| 04-Feb-15 | WED | Rev.Fr. Puthenpurayil Joshy |
| 05-Feb-15 | THU | Rev. Fr. Puthukara John |
| 06-Feb-15 | FRI | Rev. Fr. Thaikattil Anto |
| 07-Feb-15 | SAT | Rev. Fr. Thamarassery Sebastian |
| 09-Feb-15 | MON | Rev. Fr. Thanickal Thomas |
| 10-Feb-15 | TUE | Rev. Fr. Tharaniyil Paul |
| 11-Feb-15 | WED | Rev. Fr. Thattil Martin |
| 12-Feb-15 | THU | Rev. Fr. Thekkumkattil Jomy |
| 13-Feb-15 | FRI | Rev. Fr. Theruvankunnel George |
| 14-Feb-15 | SAT | Rev. Fr. Thoonikavil Jose Prakash |
| 17-Feb-15 | TUE | Rev. Fr. Thottankara Francis |
| 18-Feb-15 | WED | Rev. Fr. Thottian Paul |
| 19-Feb-15 | THU | Rev. Fr. Thukkuparambil Betson |
| 20-Feb-15 | FRI | Rev. Fr. Thuruthuvelil Nilesh |
| 21-Feb-15 | SAT | Rev. Fr. Thuruthipally George |
| 23-Feb-15 | MON | Rev. Fr. Urukuzhiyil Sebin |
| 24-Feb-15 | TUE | Rev. Fr. Vadakkekara Goji |
| 25-Feb-15 | WED | Rev. Fr. Vadakkekara Tom |
| 26-Feb-15 | THU | Rev. Fr. Vadakkumchery Thomas |
| 27-Feb-15 | FRI | Rev. Fr. Vadakken Jaison |
| 28-Feb-15 | SAT | Rev. Fr. Valayathil Xavier |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**

# വിശ്വാസപരിശീലനവേദി

Email: catechismpalghat@gmail.com, Website: www.catechismpalghat.org

**മതബോധന കൗൺസിൽ മീറ്റിംഗ്**

രൂപതമതബോധന കൗൺസിൽ മീറ്റിംഗ് ഡിസംബർ 20-ാം തിയതി ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. അഭിവന്ദ്യ പിതാവ് മീറ്റിംഗിന് അദ്ധ്യക്ഷത വഹിച്ചു.

**സ്കൊളാസ്റ്റിക് ടെസ്റ്റ്**

മതാദ്ധ്യാപകരുടെ അറിവ് നവീകരിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും കുട്ടികൾക്ക് മാതൃകയാകാനും രൂപത വിശ്വാസ പരിശീലനവേദി മതാദ്ധ്യപകർക്കുവേണ്ടിയൊരുക്കുന്ന ഒരു പരിശീലന സഹായിയാണ് സ്കൊളാസ്റ്റിക് ടെസ്റ്റ്. ബ്രാക്കറ്റിൽനിന്ന് തിരഞ്ഞെടുത്ത് എഴുതുന്നരീതിയിലുള്ള 100 ചോദ്യങ്ങളും 3 ചോദ്യങ്ങൾ രണ്ടോ മൂന്നോ വാക്യത്തിൽ എഴുതുവാനുള്ള രീതിയിലാണ് ചോദ്യപേപ്പർ. ഈ ടെസ്റ്റ് 2015 മാർച്ച് 1-ാം തീയ്യതി ഞായറാഴ്ച രാവിലെ 10.00 മുതൽ 12.30 വരെ അതാത് യൂണിറ്റുകളിൽവെച്ച് നടക്കുന്നതാണ്. എല്ലാ മതാദ്ധ്യാപകരും സ്കൊളാസ്റ്റിക് ടെസ്റ്റ് നിർബന്ധമായും എഴുതേണ്ടതാണ്.

**പഠനഭാഗം :**

1. വിശ്വാസപരിശീലനത്തിനൊരു വഴികാട്ടി (പേജ് 100 മുതൽ 143 വരെ) - 40%
2. വി. ലൂക്കായുടെ സുവിശേഷം (ലോഗോസ് പഠനഭാഗം) - 40%
3. യേശുവിന്റെ അധ്യാപനകല - 10%
4. സഭാസംബന്ധമായ പൊതുവിജ്ഞാനം - 10% (ജനപ്രകാശം 2014 ഒക്ടോബർ മുതൽ 2015 ഫെബ്രുവരി)

**VII & VIII ലൈംഗിക ധാർമ്മികാവബോധ ഏകദിന സെമിനാർ 2014-15**

വർദ്ധിച്ചുവരുന്ന ലൈംഗിക അരാജകത്വത്തിന്റെ നടുവിൽ കുട്ടികൾക്ക് ദിശാബോധം നൽകുന്നതിനായി ലൈംഗിക ധാർമ്മികാവബോധ സെമിനാറുകൾ സംഘടിപ്പിച്ചിരിക്കുന്നു. ലൈംഗികത ദൈവദാനമാണെന്നുള്ള തിരിച്ചറിവിലേക്ക് കടന്നുവരുവാൻ ഈ സെമിനാറുകൾ കുട്ടികളെ സഹായിക്കട്ടെ.

**രജിസ്ട്രേഷൻ ഫീസ് 25 രൂപ**

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

**ജനുവരി 4 ഞായർ 9.30am to 4.00pm കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ)**





**കയ്യെഴുത്ത് മാസികാമത്സരം**

5 മുതൽ 12 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കായി നടത്തിയ കൈയ്യെഴുത്തുമാസികയിൽ സമ്മാനാർഹരായവർ :

**രൂപതാതല വിജയികൾ**

I. ഹോളി ട്രിനിറ്റി ഫൊറോന ചർച്ച്, താവളം.
II. സെന്റ് അൽഫോൻസാ ചർച്ച് , കോട്ടത്തറ.
III. ഗുഡ് ഷെപ്പേർഡ് ചർച്ച് , കഞ്ചിക്കോട്.

**ഫൊറോനതല വിജയികൾ**

| | | |
|---|---|---|
| 1. കാഞ്ഞിരപ്പുഴ | - | ഇരുമ്പകചോല |
| 2. മണ്ണാർക്കാട് | - | മണ്ണാർക്കാട് |
| 3. മേലാർക്കോട് | - | നെന്മാറ |
| 4. ഒലവക്കോട് | - | ഒലവക്കോട് |
| 5. ഒറ്റപ്പാലം | - | ഷൊർണൂർ |
| 6. തത്തംമംഗലം | - | കൊടുവായൂർ |
| 7. വടക്കുഞ്ചേരി | - | പാലക്കുഴി |

**പ്രോത്സാഹന സമ്മാനം**

| | | |
|---|---|---|
| 1. മംഗലം ഡാം | - | നീതിപുരം |
| 2. പൊന്നംകോട് | - | കല്ലടിക്കോട് |

**അദ്ധ്യാപകർക്കുവേണ്ടി നടത്തിയ സാഹിത്യമത്സരങ്ങളിലെ വിജയികൾ**

**ഉപന്യാസം**

| | | |
|---|---|---|
| I. സി. ട്രിനി സി.എം.സി. | - | കത്തീഡ്രൽ |
| II. സി. കാർമ്മൽ സി.എം.സി. | - | താവളം |
| III. സി. പൗളിൻ ഒ.പി. | - | മണ്ണാർക്കാട് |

**ചെറുകഥ**

| | | |
|---|---|---|
| I. സി. ട്രിനി സി.എം.സി. | - | കത്തീഡ്രൽ |
| II. ഡോളി അഗസ്റ്റിൻ | - | ചിറ്റൂർ, അട്ടപ്പാടി |
| II. ജിനു ജോസ് | - | കോട്ടായി |

**കവിത**

| | | |
|---|---|---|
| I. സി. ആൻസലിൻ സി.എം.സി. | - | താവളം |

II. സി. ജിഷ ഒ.പി. - കോട്ടപ്പുറം

III. സെലിൻ ടോം - തച്ചനടി

**കുട്ടികൾക്കുവേണ്ടി നടത്തിയ സാഹിത്യമത്സരങ്ങളിലെ വിജയികൾ**

**ഉപന്യാസം**

**ഹയർ സെക്കണ്ടറി വിഭാഗം**

I. ടിൻസി കെ. എ. - കൊടുന്തരപ്പിള്ളി

II. റോബിൻ ജോസഫ് - കടമ്പൂർ

III. ഗീതു കുരുവിള - കൊടുവായൂർ

**ഹൈസ്ക്കൂൾ വിഭാഗം**

I. അനില മാത്യു - ചീനിക്കപ്പാറ

II. ഡെൽഫി മാനുവൽ - കഞ്ചിക്കോട്

III. മേരി പാറയിൽ - കത്തീഡ്രൽ

**യു. പി. വിഭാഗം**

I. ഫെബിൻ വിൽസൺ - പട്ടാമ്പി

II. ക്രിസ്റ്റീന കെ. ഒ. - ആനക്കൽ

III. ജിപ്സ ബിനു - ചീനിക്കപ്പാറ

**ചെറുകഥ**

**ഹയർ സെക്കണ്ടറി വിഭാഗം**

I. ജിത്തു ജോസ് - മംഗലം ഡാം

II. ജ്യോതി ജോസ് - പൊന്നംകോട്

III. ജോസ്ന ജോസഫ് - അഗളി

**ഹൈസ്ക്കൂൾ വിഭാഗം**

I. ആഗ്നസ് പി ജോൺ - കാരറ

II. നമിത ജോർജ്ജ് - മംഗലം ഡാം

III. ക്രസ്റ്റീന സാലി ജോസ് - പട്ടാമ്പി

**യു. പി. വിഭാഗം**

I. റോജോ ജോർജ്ജ് - കണ്ടമംഗലം

II. സോന റോസ് സിബി - ഒലവക്കോട്

III. ആഷ്‌ലിൻ ആന്റണി - പട്ടാമ്പി





**പ്രധാനാദ്ധ്യാപകരുടെയും സെക്രട്ടറിമാരുടെയും സമ്മേളനവും ലോഗോസ് ക്വിസ് അവാർഡ് ദാനവും**

സൺഡേ സ്കൂൾ പ്രധാനാദ്ധ്യാപകരുടെയും സെക്രട്ടറിമാരുടെയും സംയുക്ത സമ്മേളനം 2015 ജനുവരി 10-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 1.00 വരെ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ സൺഡേ സ്കൂൾ പ്രധാനാദ്ധ്യാപകരും സെക്രട്ടറിമാരും, സമ്മാനർഹരായവരും പ്രസ്തുത സമ്മേളനത്തിൽ സംബന്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

രാവിലെ 10.00 മണിക്ക് നടക്കുന്ന പ്രസ്തുത മീറ്റിംഗിൽ വച്ച് ലോഗോസ് ക്വിസ് 2014 ലെ വിജയികൾക്കുള്ള സമ്മാനദാനം അഭിവന്ദ്യപിതാവ് നിർവ്വഹിക്കുന്നതാണ്.

**അന്നേദിവസം നൽകപ്പെടുന്ന സമ്മാനങ്ങൾ**

1. ലോഗോസ് ക്വിസ് : രൂപതാതലം 1,2,3,4,5 സ്ഥാനം ലഭിച്ചവർ(നവം. 2014)
2. വിശ്വാസപരിശീലനവേദിയിൽ 5 മുതൽ **II HDC** വരെയുള്ള ഓരോ ക്ലാസിലെയും 1,2,3 സ്ഥാനക്കാർ (ഡിസം. 2014)
3. കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച ഇടവകകൾ (നവം. 2014)
4. ആനുപാതികമായി കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച ഇടവകകൾ (നവം. 2014)
5. 100% പരീക്ഷ എഴുതിയ വിശ്വാസപരിശീലന യൂണിറ്റുകൾ (നവം. 2014)
6. സ്കോളാസ്റ്റിക് ടെസ്റ്റ് (അദ്ധ്യാപകർ, 2013-2014) - (ഏപ്രിൽ 2014)
7. ചെറുകഥ, ഉപന്യാസം, കവിത (അദ്ധ്യാപകർ, 2013-2014) - ( ഒക്ടോ.20113)
8. കൈയ്യെഴുത്ത് മാസിക ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ (2014-2015)

A വിഭാഗത്തിൽ 60% മേൽ മാർക്ക് ലഭിച്ചവർക്കും B,C,D,E,F വിഭാഗങ്ങളിൽ 70% ൽ കൂടുതൽ മാർക്കു ലഭിച്ചവർക്കുമുള്ള സർട്ടിഫിക്കറ്റുകൾ ഓരോ ഇടവകയിലേക്കുമുള്ള കവറുകളിൽ നിന്ന് ലഭിക്കുന്നതാണ്.

**X$^{th}$, II HDC ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റ്**

ഞായറാഴ്ച വേദോപദേശത്തിന്റെ X$^{th}$, II HDC ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കാനുള്ള ഫോമുകളും സർട്ടിഫിക്കറ്റുകളും മതബോധന കേന്ദ്രത്തിൽ നിന്ന് ജനുവരി 10 ന് ശേഷം ലഭ്യമാണ്. സർട്ടിഫിക്കറ്റുകൾ യൂണിറ്റുകളിൽ തന്നെ പൂരിപ്പിക്കേണ്ടതാണ്. പൂരിപ്പിച്ച ഫോമുകളും സർട്ടിഫിക്കറ്റുകളും ജനുവരി 26-ാം തിയതി **X, XII** ക്ലാസുകളുടെ ഉത്തരക്കടലാസിനോടൊപ്പം മതബോധന കേന്ദ്രത്തിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. സർട്ടിഫിക്കറ്റുകൾ പൂരിപ്പിക്കുമ്പോൾ **ജനന തീയതി, മാമ്മോദീസാ**

**തീയതി, ഇന്റേണൽ മാർക്ക്** തുടങ്ങിയ എല്ലാകാര്യങ്ങളും കൃത്യമായും നിർബന്ധമായും പൂരിപ്പിക്കണം. സർട്ടിഫിക്കറ്റുകൾ പൂരിപ്പിച്ചു നൽകുന്ന അവസരത്തിൽ സർട്ടിഫിക്കറ്റ് ഫീസായ 15 രൂപയും ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

**യൂണിറ്റ് സന്ദർശനം**

യൂണിറ്റുകളിൽ വിശ്വാസ പരിശീലനത്തിന് പ്രോത്സാഹനവും നിർദ്ദേശങ്ങളും നല്കുക എന്ന ലക്ഷ്യത്തോടെ ശ്രീകൃഷ്ണപുരം, ചിറ്റൂർ എന്നീ യൂണിറ്റുകൾ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**രണ്ടാം സെമസ്റ്റർ സൺഡേസ്കൂൾ പരീക്ഷകൾ**

10, 11, 12 ക്ലാസുകളിലെ രണ്ടാം സെമസ്റ്റർ പരീക്ഷ **ജനുവരി 25-ാം തീയതി ഞായറാഴ്ച** നടക്കുന്നതായിരിക്കും. 10-ാം ക്ലാസിന് 75 മാർക്കിലും 12-ാം ക്ലാസിന് 80 മാർക്കിലുമായിരിക്കും പരീക്ഷ. 10, 12 ക്ലാസ്സുകൾക്ക് രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്ക് 30% മാർക്കിനുള്ള ചോദ്യങ്ങൾ ആദ്യസെമസ്റ്ററിന്റെ പാഠ്യഭാഗത്തുനിന്നും ബാക്കി 70% മാർക്കിനുള്ള ചോദ്യങ്ങൾ രണ്ടാം സെമസ്റ്ററിന്റെ പാഠ്യഭാഗത്തുനിന്നുമായിരിക്കും. രണ്ടാം സെമസ്റ്റർ എഴുത്തുപരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് റാങ്കുകൾ നിശ്ചയിക്കുന്നത്. എന്നാൽ റിസൾട്ട് തീരുമാനിക്കുവാൻ പാഠ്യേതര ഇനത്തിലുള്ള മാർക്കുകൂടി പരിഗണിക്കുന്നതാണ്.

**I to IX ക്ലാസുകളിലെ രണ്ടാം സെമസ്റ്റർ പരീക്ഷ**

I മുതൽ IX വരെ ക്ലാസ്സുകൾക്കുള്ള രണ്ടാം സെമസ്റ്റർ പരീക്ഷ **ഫെബ്രുവരി 22 ഞായറാഴ്ചയാണ്.**

**സൺഡേസ്ക്കൂൾ കേന്ദ്രീകൃത മൂല്യനിർണ്ണയം**

X, XII ക്ലാസ്സുകളിലെ ഉത്തരക്കടലാസുകളുടെ കേന്ദ്രീകൃതമൂല്യനിർണ്ണയം ഫെബ്രുവരി 8-ാം തിയ്യതി ഞായറാഴ്ച രാവിലെ 9.30 മുതൽ പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നതാണ്. 10-ാം ക്ലാസ്സിലും 12-ാം ക്ലാസ്സിലും പഠിപ്പിക്കുന്ന എല്ലാ മതാദ്ധ്യാപകരും മൂല്യനിർണ്ണയക്യാമ്പിൽ സന്നിഹിതരാകേണ്ടതാണ്. പ്രധാനാദ്ധ്യാപകർ അവരെ പറഞ്ഞയക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. മൂല്യനിർണ്ണയത്തിന് വരുന്നവർക്കുവേണ്ടി വിശുദ്ധകുർബ്ബാന പാസ്റ്ററൽ സെന്ററിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്.

**പ്രധാന അദ്ധ്യാപകരുടെ ശ്രദ്ധയ്ക്ക്**

എല്ലാ പള്ളിയിലേയും പ്രധാന അദ്ധ്യാപകർ അതാത് പള്ളിയിലെ മതാ





ദ്ധ്യാപകരുടെ പേര്, രജിസ്ട്രർ നമ്പർ മറ്റു അനുബന്ധകാര്യങ്ങൾ തുടങ്ങിയവ ടീച്ചേഴ്സ് സർവ്വീസ് ഡാറ്റാ രജിസ്ട്രറിൽ ഉൾപ്പെടുത്തി നിരന്തരം അപ്ഡേറ്റ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

**വെബ്ബ് എൻട്രി :** തങ്ങളുടെ യൂണിറ്റിലെ എല്ലാ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഡാറ്റാ കളക്ട് ചെയ്ത് കാറ്റകിസം വെബ്ബ്സൈറ്റിൽ ചേർക്കേണ്ടതായിട്ടുണ്ട്. ചില ഇടവകകളിൽ ഇക്കാര്യങ്ങൽ ചെയ്തിട്ടുണ്ടെങ്കിലും എല്ലായിടത്തും ഇക്കാര്യങ്ങൾ ക്രമീകരിക്കപ്പെട്ടിട്ടില്ല. ആയതിനാൽ ഇതിനുവേണ്ടി പ്രധാനാദ്ധ്യാപകർ ഇടവകയിലെ കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ആരെയെങ്കിലും നിയോഗിച്ച് കാര്യങ്ങൾ അപ്ഡേറ്റ് ചെയ്ത് വിശ്വാസപരിശീലനം സുഗമമാക്കാൻ ശ്രദ്ധിക്കുമല്ലോ. ഈ കാര്യം ചെയ്യുന്നയാളുടെ ഫോൺ നമ്പർ കാറ്റകിസം ഓഫീസിൽ അറിയിക്കാൻ ശ്രദ്ധിക്കണം.

**റെഗുലർ സ്കൂൾ വിശ്വാസ - ധാർമ്മിക പരിശീലന വാർത്തകൾ**

**റെഗുലർ സ്കൂൾ വാർഷിക പരീക്ഷ**

X, XI, XII ക്ലാസ്സുകാരുടെ വാർഷിക പരീക്ഷ 2015 ജനുവരി 9-ാം തിയതി വെള്ളിയാഴ്ചയും I മുതൽ IX ക്ലാസ്സുകാരുടെ വാർഷിക പരീക്ഷ 2015 ഫെബ്രുവരി 6-ാം തിയതി വെള്ളിയാഴ്ചയും നടത്തപ്പെടുന്നതാണ്.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ

**സ്റ്റാർസ്**

Blogspot: starspalghat.blogspot.in

ഡിസംബർ മാസത്തിലെ രണ്ടും മൂന്നും ബാച്ചുകാർക്കുമുള്ള പ്രതിമാസ മുഖാഭിമുഖ പരിശീലനപരിപാടി ഡിസംബർ 20 ന് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. ഫാ. ജോമിസ് കൊടകശ്ശേരിൽ, ടോജോ സാർ, മൺസൂർ സാർ, എന്നിവർ ക്ലാസ്സുകൾ എടുത്തു. റവ. ഫാ. ജോമി തേക്കുംകാട്ടിൽ നേതൃത്വം നൽകി.

**അടുത്ത പരിശീലനദിനം**

**ജനുവരി 20 ശനി 9.30 am to 3.30 pm പാലക്കാട് പാസ്റ്ററൽ സെന്റർ**

**സെലക്ഷൻ ക്യാമ്പ്**

പുതിയബാച്ചിലേക്ക് അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിലേക്കുള്ള മൂന്നാമത്തെ സെലക്ഷൻ ക്യാമ്പ് **ജനുവരി 24 ശനി 9.30** am to **3.30** pm **പാലക്കാട് പാസ്റ്ററൽ സെന്ററിൽ** വച്ച് നടക്കുന്നു. ഒന്നും രണ്ടും ക്യാമ്പുകളിൽ പങ്കെടുത്ത കുട്ടികൾ മാതാപിതാക്കളോടൊപ്പം മൂന്നാമത്തെദിനം നടക്കുന്ന തിരഞ്ഞെടുപ്പു പരിപാടിയിൽ സംബന്ധിക്കേണ്ടതാണ്.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ

## ബൈബിൾ അപ്പോസ്തലേറ്റ്

Blogspot: bibleapostolatepalghat.blogspot.in

**ലോഗോസ് ക്വിസ് സമ്മാനങ്ങളുടെ വിശദവിവരങ്ങൾ**

**A, B, C, D, E ,F വിഭാഗങ്ങളിൽ**

| | |
|---|---|
| ഒന്നാം സമ്മാനം | Rs 1000/+ KCBC സർട്ടിഫിക്കററ് |
| രണ്ടാം സമ്മാനം | Rs 750/+ KCBC സർട്ടിഫിക്കററ് |
| മൂന്നാം സമ്മാനം | Rs 500/+ KCBC സർട്ടിഫിക്കററ് |
| നാലാം സമ്മാനം | Rs 250/+ KCBC സർട്ടിഫിക്കററ് |
| അഞ്ചാം സമ്മാനം | KCBC നൽകുന്ന പുസ്തകം + സർട്ടിഫിക്കറ്റ് |

സൺഡേ സ്കൂൾ തലം 5 മുതൽ IIHDC വരെയുള്ള ഓരോ ക്ലാസിലേയും 1, 2, 3 സ്ഥാനക്കാർക്ക് രൂപതാ മതബോധനകേന്ദ്രം നൽകുന്ന സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും കൂടുതൽ അംഗങ്ങളെ രജിസ്റ്റർചെയ്ത ഇടവകകൾക്കും, ആനുപാതികമായി കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും, 100% കുട്ടികളും പരീക്ഷ എഴുതിയ സൺഡേ സ്കൂളുകൾക്കുമുള്ള ട്രോഫികളും, ഇടവകകൾക്ക് 25 പേരുടെ രജിസ്ട്രേഷന് ഒന്ന് എന്ന അനുപാതത്തിൽ പി ഒ സി തരുന്ന സമ്മാനങ്ങളും രൂപതാതല അവാർഡ്ദാനദിനമായ **2015 ജനുവരി 10-ാം തിയതി 10 മണിക്ക് പാസ്റ്ററൽ സെന്ററിൽ** വെച്ച് നടക്കുന്ന മീറ്റിംഗിൽ അഭിവന്ദ്യപിതാവ് നൽകുന്നതാണ്.

**2015 ലോഗോസ് ക്വിസ് പഠനഭാഗം**

1. സംഖ്യ 1 – 10
2. സുഭാഷിതങ്ങൾ 1 – 9
3. യോഹന്നാൻ 1 – 12
4. യൂദാസിന്റെ ലേഖനം

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്





## തിരുബാലസഖ്യം

Blogspot: www.holychildhoodpalghat.blogspot.in

**രൂപതാ കലോത്സവം**

മത്സര നിബന്ധനകൾ മുൻമാസ ബുള്ളറ്റിനുള്ളിൽ വന്നത് കണ്ടു കാണുമല്ലോ. ചില നിർദ്ദേശങ്ങൾ കൂടി ശ്രദ്ധിക്കുമല്ലോ.

* മത്സരാർത്ഥികൾ രൂപതയിൽ രജിസ്റ്റർ ചെയ്തവരായിരിക്കണം.
* മത്സരാർത്ഥികൾ ബാഡ്ജ് ധരിച്ചിരിക്കണം.
* ഫൊറോനകളിൽനിന്ന് തന്ന ലിസ്റ്റിൽ ഉള്ളവരേ മത്സരിക്കാൻ പാടുള്ളൂ.
* മത്സരം ജനുവരി 3 ാം തീയ്യതി 10 മണിക്ക് ആരംഭിക്കും.
* രാവിലെ 9.30 ന് മത്സര നിർദ്ധേശങ്ങൾ നല്കുന്നതായരിക്കും.
* രാവിലെ 9 മുതൽ ഓഫീസിൽനിന്ന് ടീം മാനേജർക്ക് നമ്പർ കൈപ്പറ്റാവുന്നതാണ്. ഭക്ഷണം ആവശ്യമുണ്ടെന്ന് അറിയിച്ചവർക്ക് പണം നല്കി ടോക്കൺ വാങ്ങാവുന്നതാണ്.
* ബൈബിൾ വാക്യങ്ങൾ ഇംഗ്ലീഷിൽ എഴുതുന്ന കുട്ടികൾ ആർ.എസ്.വി. ബൈബിൾ മാത്രമേ ഉപ.യോഗിക്കാൻ പാടുള്ളൂ.
* രൂപതാതലത്തിൽ സമ്മാനാർഹരാകുന്നവർ അന്ന് തന്നെ സമ്മാനം കൈപ്പറ്റേണ്ടതാണ്.

**ഫൊറോന ധ്യാനങ്ങൾ**

ഈ വർഷത്തെ ഫൊറോനതല തിരുബാലസഖ്യം ധ്യാനങ്ങൾ ഫാ. റെനി പുല്ലുകാലായുടെ നേതൃത്വത്തിലുള്ള എല്ലാ ക്രിസ്റ്റീൻ ധ്യാന ടീമംഗങ്ങൾക്കും നന്ദി അറിയിക്കുന്നു. വേണ്ട ക്രമീകരണങ്ങൾ നടത്തിയ ഡയറക്ടച്ചന്മാർക്കും ഫൊറോന വികാരിയച്ചൻമാർക്കും ആനിമേറ്റേഴ്സിനും ഒത്തിരി നന്ദി.

**ഫാ. ജോമി തേക്കുംകാട്ടിൽ**
ഡയറക്ടർ

## അൾത്താരസംഘം

Blogspot: abapalghat.blogspot.in

അൾത്താരസംഘം ഫൊറോനതല സെമിനാർ ഡിസംബർ 6-ാം തീയ്യതി പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. 32 പേർ സംബന്ധിച്ചു. പാലക്കാട് രൂപതാ ക്രിസ്റ്റീൻ ടീം അംഗങ്ങൾ ഫാ.റെന്നി പുല്ലുകാലായുടെ നേതൃത്വത്തിൽ സെമിനാർ നടത്തി. സഹകരിച്ച വേണ്ട ക്രമീകരണങ്ങൾ

നടത്തിയ എല്ലാവർക്കും ദൈവാനുഗ്രഹം നേരുന്നു. ഇതോടെ ആകെ 642 പേർ സംബന്ധിച്ചു.

**അൾത്താരസംഘം ക്വിസ് മൽസരം**

രൂപതാതല മൽസരം ഡിസംബർ 13 ശനിയാഴ്ച 9.45 മുതൽ 1 മണി വരെ പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു. വിജയികളായവരുടെ പേരുവിവരം താഴെ ചേർക്കുന്നു.

**ജൂനിയർ വിഭാഗം**

FIRST PRIZE - ആൽഫ്രഡ് & ആൻജോ തെക്കിനിയത്ത് – മണ്ണാർക്കാട്

SECOND PRIZE - ജിതിൻ & ജിനു ജോസ് – അഗളി

THIRD PRIZE - എബിൻ & എമ്മാനുവേൽ – കത്തീഡ്രൽ

**സീനിയർ വിഭാഗം**

FIRST PRIZE - ക്രിസ്റ്റോ സി പോൾ & മനു പി മാത്യു – അഗളി

SECOND PRIZE - എബി എബ്രാഹം & ജെബിൻ ജോണി – പുലാപ്പറ്റ

SECOND PRIZE - ജിത്തു ജോസ് & ആൽബിൻ ആന്റണി – ശ്രീകൃഷ്ണപുരം

വിജയികളായ എല്ലാവർക്കും പ്രത്യേക അഭിനന്ദനങ്ങൾ.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ

## ചെറുപുഷ്പ മിഷൻ ലീഗ്

**കർമ്മപരിപാടികൾ – ജനുവരി**

1 വ്യാഴം : പുതുവർഷാരംഭം.

3 ശനി : വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ തിരുനാൾ

6 ചൊവ്വ : ദനഹാ തിരുനാൾ

**അനുബന്ധ പ്രവർത്തനങ്ങൾ**

* പ്രാർത്ഥനാനിയോഗം : നവവൈദികർക്കുവേണ്ടി
* രൂപതാ തലങ്ങളിൽ നവവൈദികർക്ക് സ്വീകരണം നൽകുക.

**സുകൃതജപം**

"നിത്യ പുരോഹിതനായ ഈശോയെ, വൈദികർക്ക് വേണ്ടി പ്രാർത്ഥിക്കണമേ...

**ഫാ. ജോജി വടക്കേക്കര**
ഡയറക്ടർ





## കെ. സി. വൈ. എം

**രൂപത വാർഷികസെനറ്റ്**

2014 പ്രവർത്തനവർഷത്തെ പ്രവർത്തന അവലോകനത്തിനും 2015 പ്രവർത്തനവർഷത്തേക്കുള്ള നേതൃത്വത്തെ തിരഞ്ഞെടുക്കുന്നതിനുമായി 2015 ജനുവരി 9, 10 തിയ്യതികളിലായി പാലക്കാട് യുവക്ഷേത്ര കോളേജിൽ വെച്ച് രൂപത വാർഷിക സെനറ്റ് നടക്കുന്നു. 9-ാം തിയ്യതി വൈകുന്നേരം 5.00 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിക്കുന്ന സെനറ്റ് 10ന് വൈകുന്നേരം 3.00 മണിയോടെ സമാപിക്കും. **സെനറ്റിൽ പങ്കെടുക്കുന്നവർ തീർച്ചയായും വികാരിയച്ചന്റെ സാക്ഷ്യപത്രം കൊണ്ടുവരണം.** ഒരു യൂണിറ്റിന് **രജിസ്ട്രേഷൻ ഫീസ് 300 രൂപ.** രൂപത ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനായി ഓരോ ഫൊറോനയിൽ നിന്നും **5 പേരടങ്ങുന്ന (3 പുരുഷന്മാരും 2 വനിതകളും)** പാനൽ ഫൊറോന ഡയറക്ടറുടെ ഒപ്പോടുകൂടി ജനുവരി 1 നു മുൻപായി സമർപ്പിക്കേണ്ടതാണ്. കെ.സി.വൈ.എം. ന്റെ പരമാധികാര സഭയായ സെനറ്റിൽ യൂണിറ്റിലെയും ഫൊറോനയിലെയും എല്ലാ ഭാരവാഹികളുടെയും പങ്കാളിത്തം ഉറപ്പാക്കുമല്ലോ.

**യൂണിറ്റ് ഫൊറോന തിരഞ്ഞെടുപ്പുകൾ**

പ്രസ്ഥാനത്തിന്റെ സുഗമമായ നടത്തിപ്പിനും 2015 പ്രവർത്തനവർഷത്തെ പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിനുമായി യൂണിറ്റ് ഫൊറോന തലങ്ങളിൽ പുതിയ നേതൃനിര വളർന്നുവരേണ്ടതായിട്ടുണ്ട്. ഫൊറോന സെനറ്റുകൾ ഡിസംബർ മാസത്തിൽ തന്നെ നടത്തുകയും പേരുവിവരങ്ങൾ ജനുവരി 1 ന് മുൻപായി രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും വേണം. തിരഞ്ഞെടുപ്പുകൾ നിയമാവലി അനുസരിച്ച് നടത്തണം എന്ന് പ്രത്യേകം ഓർമ്മിപ്പിക്കട്ടെ.

**Illumine - 2014**

രൂപതയിലെ 100 പാവപ്പെട്ട കുടുംബങ്ങൾക്ക് സൗജന്യ ഇൻഷൂറൻസ് പരിരക്ഷ കെ.സി.വൈ.എം. യുവജനങ്ങളുടെ ക്രിസ്തുമസ്സ് നോമ്പുകാലത്ത് ത്യാഗമായി സമർപ്പിക്കുന്നു. 5600-ഓളം വരുന്ന കെ.സി.വൈ.എം. യുവജനങ്ങൾ കൈകോർത്തുകൊണ്ട് ഇലൂമിൻ – 2014 എന്നപേരിൽ ഈ പദ്ധതി നടപ്പിലാക്കുന്നു. രൂപതയിൽനിന്നും എല്ലായുവജനങ്ങൾക്കും ക്രിസ്തുമസ്സ് ആശംസയും ക്രിസ്തുമസ്സിനൊരുക്കമായ കർമ്മപദ്ധതിയും ഉൾകൊള്ളുന്ന കാർഡിനൊപ്പം നോമ്പുകാല പരിത്യാഗം സമർപ്പിക്കുവാനുള്ള കവറുകളും നൽകിയിട്ടുണ്ട്. ജനുവരി 5-ാം തീയതിയോടുകൂടി ഓരോ അംഗങ്ങളുടെയും

പരിത്യാഗ തുക യൂണിറ്റിൽ സമാഹരിച്ച് രൂപതയിൽ പ്രസ്തുത പദ്ധതിക്കായി നൽകണം. ലഭിക്കുന്ന തുക ഉപയോഗിച്ച് രൂപതാതലത്തിൽ ഫൊറോനകളുടെ ആഭിമുഖ്യത്തിൽ കുടുംബങ്ങളെ തിരഞ്ഞെടുത്ത് പ്രസ്തുത പദ്ധതിയിൽ പങ്കാളികളാക്കുന്നു.

**സ്നേഹ സംഗമം**

1978 മുതൽ കെ.സി.വൈ.എം. പ്രസ്ഥാനത്തെ സമൂഹമദ്ധ്യത്തിൽ ആർജ്ജവത്തോടെ നയിച്ച് ചലിക്കുന്ന ധാർമ്മിക യുവജന പ്രസ്ഥാനമായി പാലക്കാട് രൂപത കെ.സി.വൈ.എം. നെ ഉയർത്തുന്നതിൽ മുഖ്യപങ്ക് വഹിച്ച എല്ലാ മുൻ രൂപത ഭാരവാഹികളുടെയും (രൂപത പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോ. സെക്രട്ടറി, ട്രഷറർ, ആനിമേറ്റർ) സംഗമം ജനുവരി 25-ാം തിയ്യതി വൈകിട്ട് 5.00 മണി മുതൽ ജനുവരി 26 രാവിലെ 9.00 മണിവരെ പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ചു നടക്കുന്നു. ചടുലതയോടെ കഴിഞ്ഞ കാലങ്ങളിൽ പ്രസ്ഥാനത്തെ നയിച്ച എല്ലാ മുൻകാല നേതാക്കളെയും സ്നേഹത്തോടെ സ്വാഗതം ചെയ്തുകൊള്ളുന്നു. പ്രസ്തുതവിവരം പള്ളികളിൽ വിളിച്ചു പറയുകയും പങ്കെടുക്കുവാൻ താല്പര്യപ്പെടുന്ന മുൻഭാരവാഹികൾ ജനുവരി 2 ന് മുൻപായി പേരുകൾ കെ.സി.വൈ.എം. യൂണിറ്റു ഭാരവാഹികളുടെ ഉത്തരവാദിത്വത്തിൽ രൂപതയിൽ നൽകണം.

ഫോൺ : ഡയറക്ടർ - 9020970963, സെക്രട്ടറി - 9562202502, പ്രസിഡന്റ് - 9037183626 **ട്രോഫികൾ, ഷീൽഡുകൾ**

/വിജയികൾക്ക് ട്രോഫികൾ, ഷീൽഡുകൾ എന്നിവ ആവശ്യമുള്ളവർ KCYM ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ: 9562202502, 9020970963

**ഫാ. സീജോ കാരിക്കാട്ടിൽ**
ഡയറക്ടർ

## ജീസസ് യൂത്ത്

MY JESUS FOLLOW UP

2014 ഡിസംബർ 6-ാം തിയ്യതി ശനിയാഴ്ച്ച 9.30 മുതൽ 4.00 മണിവരെ പാസ്റ്ററൽ സെന്ററിൽ MY JESUS പ്രോഗ്രാമിന്റെ ഫോളോപ്പ് നടന്നു. ഫോളോപ്പിൽ 55 പേർ പങ്കെടുത്തു. പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ. ജനുവരി 10 ന് യുവക്ഷേത്ര കോളേജിൽ വച്ച് നടക്കുന്ന The FACE - Volunteers Training Programme ലും ഇവർ എല്ലാവരും സംബന്ധിക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.





The FACE

2015 ജനുവരി 23 മുതൽ 26 വരെ മുണ്ടൂർ യുവക്ഷേത്ര കോളേജിൽ വച്ച് ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിൽ യുവതീയുവാക്കൾക്കായി ഒരു പ്രോഗ്രാം നടത്തുകയാണ്. ജീസസ് യൂത്ത് മുന്നേറ്റത്തിലെ പ്രമുഖർ നേതൃത്വംകൊടുക്കുന്ന പ്രസ്തുത പരിപാടിയിൽ ആന്തരിക പരിവർത്തനത്തിന് സഹായകമാകുന്ന ക്ലാസ്സുകളും ജീവിതസാക്ഷ്യങ്ങളും ഗ്രൂപ്പ് ചർച്ചകളും സ്കിറ്റുകളും ഓർക്കസ്ട്രയോടുകൂടിയ സംഗീതവും കുമ്പസാരിക്കുന്നതിനും കൗൺസിലിംഗ് നടത്തുന്നതിനുള്ള സൗകര്യവും വി. കുർബാനയും ആന്തരകിസൗഖ്യ ആരാധനയും ഉണ്ടായിരിക്കുന്നതാണ്. 23-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 5 മണിക്ക് ആരംഭിക്കുന്ന പ്രോഗ്രാം 26-ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് അവസാനിക്കുന്നതാണ്. ഇടവകകളിൽനിന്നും കോളേജുകളിൽനിന്നുമായി 400-ഓളം യുവജനങ്ങളെയാണ് ഈ പ്രോഗ്രാമിലേക്ക് പ്രതീക്ഷിക്കുന്നത്. പ്രോഗ്രാമിൽ സംബന്ധിക്കേണ്ടവർ മുൻകൂട്ടി രജിസ്ട്രേഷൻ നടത്തേണ്ടതാണ്. 200 രൂപയായിരിക്കും രജിസ്ട്രേഷൻ ഫീസ്. കൂടാതെ താമസത്തിനും ഭക്ഷണത്തിനുമായി 300 രൂപ കൂടി നൽകേണ്ടതാണ്. പങ്കെടുക്കാൻ താല്പര്യമുള്ളവർ ജനുവരി 12-ാം തിയ്യതിക്കകം വികാരിയച്ചന്മാർ വഴിയൊ താഴെകാണുന്ന നമ്പറുകളിലൊ ബന്ധപ്പെട്ട് രജിസ്ട്രേഷൻ നടത്തേണ്ടതാണ്. ഫോൺ 8592931585 (ഫുൾടൈമർ), 9645253848 (പ്രോഗ്രാം കോർഡിനേറ്റർ), 9544317871 (ഡയറക്ടർ)

**അഭിനന്ദനങ്ങൾ**

ശാലോം ടിവിയിൽ ക്രിസ്തുമസ്സ് ദിനത്തിലും പുതുവർഷദിനത്തിലും സംഗീതവിരുന്നൊരുക്കിയ പാലക്കാട് ജീസസ് യൂത്തിന്റെ അഭിമാനമായ ബീറ്റ്സ് ഓഫ് എയ്ഞ്ചൽസ് മ്യൂസിക് ബാന്റിന് ജീസസ് യൂത്ത് കുടുംബാംഗങ്ങളുടെ അഭിനന്ദനങ്ങൾ.

**ഹൗസ് ഹോൾഡ്**

ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ ആരംഭകാലം മുതൽ പുതുതലമുറയിൽ ഉള്ളവർക്കുവരെ ഒരുമിച്ചുവരാൻ പറ്റുന്ന ഒരു വേദിയാണ് ഹൗസ് ഹോൾഡുകൾ. പ്രായഭേദമെന്യേ വിവിധ തലങ്ങളിലും മിനിസ്ട്രികളിലും പ്രവർത്തിക്കുന്ന ജീസസ് യൂത്ത് അംഗങ്ങൾ ഒരുമിച്ചുവരുന്ന വേദികൂടിയാണ് ഇത്.

ജനുവരി മാസത്തിലെ ഹൗസ് ഹോൾഡ് 6-ാം തിയ്യതി ശനിയാഴ്ച മേപ്പറമ്പ് ചെറുപുഷ്പാലയത്തിൽ വെച്ച് നടത്തപ്പെടുന്നതാണ്. വൈകിട്ട് 5.00 മണിക്ക് ആരംഭിച്ച് 8.00 മണിക്ക് ഈ കൂട്ടായ്മ അവസാനിക്കുന്നതായിരിക്കും.

**ഫാ. ജെയ്മോൻ പള്ളിനീരാക്കൽ**
ഡയറക്ടർ

# മാതൃസംഘം

**മാതൃസംഘം ജനറൽ ബോഡി മീററിങ്ങ്**

2015 വർഷത്തെ മാതൃസംഘത്തിന്റെ ജനറൽ ബോഡി മീറ്റിംഗ് ജനുവരി 10 തീയതി രണ്ടാം ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. കാലത്ത് 10.30 മുതൽ 3.00 മണിവരെ ആയിരിക്കും. ഓരോ യൂണിറ്റിൽ നിന്നും എല്ലാ ഭാരവാഹികളും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**മാർഗ്ഗരേഖ പ്രകാശനവും പ്രവർത്തന വർഷ ഉത്ഘാടനവും**

ജനുവരി 10 തീയതി നടത്തപ്പെടുന്ന് ജനറൽ ബോഡി മീറ്റിംഗിൽ വച്ച് 2015 പ്രവർത്തന വർഷം ഉദ്ഘാടനം അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവ് നിർവ്വഹിക്കുന്നതാണ്. ഈ വർഷത്തേക്കുള്ള മാർഗ്ഗരേഖയും അന്നേദിവസം പ്രകാശനം ചെയ്യും.

**യൂണിറ്റ് അഫിലിയേഷൻ റിന്യൂവൽ**

യൂണിറ്റ് അഫിലിയേഷൻ പുതുക്കുന്നത് സാധാരണയായി ജനുവരി മാസത്തിലാണല്ലോ. രൂപതാകേന്ദ്രത്തിൽ നിന്നും നൽകപ്പെടുന്ന ഫോമിൽ അത് നൽകേണ്ടതാണ്. ജനുവരി 30 നു മുൻപായി അഫിലിയേഷൻ പുതുക്കാത്ത യൂണിറ്റുകളുടെ അഫിലിയേഷൻ റദ്ദാക്കപ്പെടും.

2014 ൽ ഓരോ അംഗത്തിനും 10 രൂപ വച്ച് അഫിലിയേഷൻ ഫീ നൽകാത്തവർ ഈ വർഷം അത് നൽകി മാത്രമേ പുതുക്കാനാവൂ.

**ഫാ. ബിനു പൊൻകാട്ടിൽ**
ഡയറക്ടർ

# ഫാമിലി അപ്പോസ്തലേറ്റ്

**പ്രീകാന കോഴ്സ്**

**ജനുവരി** മാസത്തിലെ പ്രീകാന കോഴ്സ് **5,6,7,8** തിയ്യതികളിലും **ഫെബ്രുവരി** മാസത്തിലെ പ്രീകാന കോഴ്സ് **2,3,4,5** തിയ്യതികളിലും മുണ്ടൂർ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു. കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായി വ്യാഴാഴ്ച 9.30ന് സജ്ജമാക്കിയിരിക്കുന്ന ക്ലാസ്സിൽ അവർ നിർബന്ധമായും പങ്കെടുത്തിരിക്കണം.





പ്രീകാനയുടെ ദിവസങ്ങളിൽ മനസമ്മതം ക്രമീകരിക്കുന്നതും കോഴ്സു കഴിയുന്നതിനുമുമ്പ് പറഞ്ഞുവിടേണ്ടിവരുന്നതും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അതുകൊണ്ടു വികാരിയച്ചന്മാർ ഇതു പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ

# അസ്സോസിയേഷൻ ഓഫ് കാത്തലിക് കെയർ ഹോംസ് (ACCH)

**കണക്കവതരണം**

രൂപതയിലെ എല്ലാ ഓർഫനേജുകളുടെയും കണക്കുകൾ ഫെബ്രുവരി പകുതിയോടുകൂടി രൂപതയിൽ അവതരിപ്പിക്കേണ്ടതിനാൽ അതുവരെയുള്ള കണക്കുവിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി വയ്ക്കേണ്ടതാണ്.

**പാലക്കാട് ജില്ല ഓർഫനേജ് കൺട്രോൾ ബോർഡ്**

ഓർഫനേജ് കൺട്രോൾ ബോർഡ് അംഗമായ ശ്രീമതി പത്മിനി ഗോപിനാഥൻ പാലക്കാട് ജില്ലയുടെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പുതിയ ഓഫീസറായി നിയമിക്കപ്പെട്ടു.

**ഓർഫനേജ് റേഷൻ വിതരണം**

ഓർഫനേജുകളിലേക്കുള്ള റേഷൻ സാധനങ്ങൾ രണ്ടുമാസമായി കിട്ടാതിരുന്ന സ്ഥാപനങ്ങൾ ജില്ലാ സപ്ലൈ ഓഫീസുമായി ബന്ധപ്പെടുക. റേഷൻ സാധനങ്ങളുടെ വിതരണം പുനസ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഫോൺ : 9400299234

**ഫാ. എബിൻ കുളമ്പിൽ**
ഡയറക്ടർ

# കരിസ്മാറ്റിക് വാർത്തകൾ

**Zume II ലീഡേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം സമാപിച്ചു**

കരിസ്മാറ്റിക് നവീകരണരംഗത്ത് പ്രവർത്തിക്കുന്നവർക്കായി പതിനഞ്ച് മാസങ്ങളിലായി നടത്തിയ ട്രെയിനിംഗ് പ്രോഗ്രാമിന്റെ അവസാനത്തെ ക്ലാസ്സ് ഡിസംബർ 19, 20 തീയതികളിൽ പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. ശ്രീ. തോമസ് കുര്യൻ, ശ്രീ. ഫ്രാങ്കോ ജോസഫ്, ശ്രീ. പി.എ. ജോസഫ്, കോർഡി

നേറ്റർ ശ്രീ. ഉമ്മൻ മാത്യു എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഡിസംബർ 20ന് ഉച്ചയ്ക്കുശേഷം റവ. ഫാ. ഡൊമിനിക് ഐപ്പൻപറമ്പിൽ ക്രിസ്തുമസ്സ് സന്ദേശം നൽകി. 50 പേരാണ് ഈ കോഴ്സ് പൂർത്തിയാക്കിയത്.

**ZAC മീറ്റിംഗ്**

സോണൽ ഉപദേശസമിതി (ZAC) യുടെ ഒരു കൂട്ടായ്മ 2015 ജനുവരി 17-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ രൂപതാ പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തുന്നു. KST പ്രതിനിധികളാണ് ഈ കൂട്ടായ്മയ്ക്ക് നേതൃത്വം നല്കുന്നത്.

**KST ചെയർമാന്റെ സന്ദർശനം**

കെ.എസ്.ടി. ചെയർമാനും കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ സെക്രട്ടറിയുമായ റവ. ഫാ. സെബാസ്റ്റ്യൻ കറുകപ്പിള്ളി സോണൽ സർവ്വീസ് ടീം അംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിക്കുന്നു. ജനുവരി 21-ാം തിയ്യതിയാണ് ഈ സ്നേഹസന്ദർശനം ഒരുക്കിയിരിക്കുന്നത്.

**ജാഗരണ പ്രാർത്ഥന**

ജനുവരിമാസത്തെ ജാഗരണ പ്രാർത്ഥന 30-ാം തിയ്യതി വെള്ളിയാഴ്ച കത്തീഡ്രൽ പള്ളിയിൽ വച്ച് വൈകിട്ട് 7.30 മുതൽ ശനിയാഴ്ച രാവിലെ 4.30 വരെ നടത്തുന്നു. റവ. ഫാ. ഡൊമിനിക് ഐപ്പൻപറമ്പിൽ, റവ. ഫാ. തോം കിഴക്കേടത്ത് എന്നിവർ നേതൃത്വം നൽകുന്നു.

**ഫാ. ഡൊമിനിക് ഐപ്പൻപറമ്പിൽ**
ഡയറക്ടർ



## ജീസസ് ഫ്രട്ടേണിറ്റി

ജയിലുകളിൽ കഴിയുന്ന സഹോദരന്മാർക്ക് പ്രാർത്ഥനയുടെയും സ്നേഹത്തിന്റെയും സദ്വാർത്ത എത്തിക്കുക എന്ന ലക്ഷ്യത്തോടെ രണ്ട് ദിവസത്തെ ദിവസത്തെ ജയിൽ സന്ദർശനത്തിനായി ആലുവ മംഗലപ്പുഴ സെമിനാരിയിലെ ബ്രദ്ഴ്സ് കടന്നുവന്നു.പാലക്കാട് സോണൽ ഡയറക്ടർ അവരെ ഹാർദ്ദമായി സ്വീകരിക്കുകയും, വേണ്ടതായ സഹായസഹകരണങ്ങൾ നൽകി ഒറ്റപ്പാലം, ആലത്തൂർ, ചിറ്റൂർ, പാലക്കാട് എന്നിവടങ്ങളിലെ ജയിലുകളിലേയ്ക്ക് അവരെ അയക്കുകയും ചെയ്തു.

"തടവറമക്കളിൽ തിരുമുഖദർശനം" എന്ന ആപ്തവാക്യവുമായി കടന്നുവന്ന ഈ ബ്രദ്ഴ്സിനെ നാലു ജയിലുകളിലും സുപ്രണ്ടുമാർ വളരെ സ്നേഹത്തോടെ തന്നെ സ്വീകരിക്കുകയും, അവരുമായി അനുഭവങ്ങൾ





പങ്കുവയ്ക്കുകയും ചെയ്തു. നമ്മുടെ പ്രവർത്തനങ്ങളെ ഒത്തിരി വിലമതിക്കുന്നതായി ജയിൽ അധികൃതർ പറയുകയുണ്ടായി. ജയിൽ മോചിതരായി കടന്നുവരുന്നത് ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന കുടുംബത്തെയും സമൂഹത്തെയും അവരുടെ മുമ്പിൽ അവതരിപ്പിച്ചുകൊണ്ട് പ്രചോദനമേകുന്ന തരത്തിലുള്ള വചനാത്മകമായ സ്കിറ്റുകളും,മറ്റു കലാപരിപാടികളും, ക്രിസ്മസ്സ് സന്ദേശവും,കരോൾ ഗാനങ്ങളും ബ്രദ്ഴ്സ് നടത്തി. ഒപ്പംതന്നെ അന്തേവാസികളുടെ വിവിധ കലാപരിപാടികളും അവതരിപ്പിക്കാൻ അവസരം നൽകുകയും ചെയ്തു. തടവറയിൽ കഴിയുന്ന ഞങ്ങളുടെ സഹോദരരിൽ യേശുവിനെ കണ്ടുകൊണ്ട് നടത്തിയ തീർത്ഥാടനമായിരുന്നു ഇതെന്നും, വളരെ നാളത്തെ പ്രാർത്ഥനയുടെയും ത്യാഗത്തിന്റെയും ഫലമായി ഇത് ഫലപ്രദമാക്കാൻ സാധിച്ചുവെന്നും വളരെ സന്തോഷത്തോടെ ബ്രദേഴ്സ് പറയുകയുണ്ടായി. എല്ലാ യൂണിറ്റുകളിലും കേക്ക് വിതരണം ചെയ്യുകയും, പുൽക്കൂടുകൾ ഒരുക്കുകയും ചെയ്തു. എല്ലാ യൂണിറ്റുകളിലും സിസ്റ്റേഴ്സിന്റെ സാന്നിധ്യവും സഹകരണവും ഉണ്ടായിരുന്നു.

ജീസസ്സ് ഫ്രട്ടേണിറ്റിയുടെ നേതൃത്വത്തിൽ, ചിറ്റൂർ സബ്ജയിലിൽ ക്രിസ്മസ്സ് ആഘോഷപരിപാടി നടത്തപ്പെടുകയുണ്ടായി. ജയിൽ സുപ്രണ്ട് ശ്രീ. യോഹന്നാൻ സാർ ഏവരേയും സ്വാഗതം ചെയ്തു.ഈ ജയിലിൽ ഉള്ളവർ ആരും തന്നെ കുറ്റവാളികളല്ല,കുറ്റാരോപിതർ മാത്രമാണ്.എന്ന സുപ്രണ്ടിന്റെ പ്രഖ്യാപനം തടവറമക്കളെ ഒത്തിരി ആനന്ദിപ്പിച്ചു. അഭിവന്ദ്യ. മാ ജേക്കബ് മനത്തോടത്ത് പിതാവ് തടവറമക്കൾക്ക് ക്രിസ്മസ്സ് സന്ദേശം നൻകി. ആരും കുറ്റവാളികളായി ജനിക്കുന്നില്ലയെന്നും, സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ ഈ അവസ്ഥയിലായിയെന്നും പിതാവ് പറയുകയുണ്ടായി. ഒപ്പംതന്നെ ഇവിടെയായിരിക്കുന്ന ഈ ദിനങ്ങളിലൂടെ പുതിയ തീരുമാനങ്ങളും, നല്ല ജീവിതരീതികളും സ്വീകരിച്ച്, പ്രതീക്ഷയോടെ കാത്തിരിക്കുന്ന കുടുംബാംഗങ്ങളോടൊപ്പം ജീവിക്കുവാൻ വേണ്ട മാനസിക ഒരുക്കം നിങ്ങൾക്ക് ഓരോരുത്തർക്കും ഉണ്ടായിരിക്കട്ടെയെന്നും പിതാവ് സൂചിപ്പിച്ചു. പൊൽപ്പുള്ളി FCC കോൺവെന്റിൽ നിന്നും പോസ്റ്റുലൻസിന്റെ കരോൾ ഗാനങ്ങളും ഈ ആഘോഷത്തിന് മാറ്റ് കൂട്ടി. വിവിധ സന്യാസഭവനങ്ങളിൽ നിന്നും സിസ്റ്റേഴ്സും പരിപാടിയിൽ സംബന്ധിച്ചു. പിതാവ് എല്ലാവർക്കും കേക്ക് നൽകുകയും, സന്തോഷം പങ്കുവയ്ക്കുകയും ചെയ്തു. ജയിൽ അധികൃതർ ഏവർക്കും നന്ദി പ്രകാശിപ്പിച്ചു.

* ജയിൽ വിമുക്തയായ ഒരു സ്ത്രിയ്ക്ക് വാടകയ്ക്ക് വീട് എടുത്ത് കൊടുക്കുകയും, അനുയോജ്യമായ ജോലിനൽകുകയും, ആകുടുംബത്തിന് വേണ്ട സഹായങ്ങൾ നല്കി വരുകയും ചെയ്യുന്നു

**ഫാ. മാർട്ടിൻ തട്ടിൽ**
ഡയറക്ടർ

# സെഹിയോൻ മിനിസ്ട്രീസ്

## സെഹിയോൻ ധ്യാനകേന്ദ്രം

| മാസം | തീയതി | ധ്യാനം നയിക്കുന്നത് |
|---|---|---|
| ജനുവരി | 04-09 | വൈദികരുടെ ധ്യാനം<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| ജനുവരി | 11-16 | ആന്തരികസൗഖ്യ ധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| ജനുവരി | 18-23 | ആന്തരികസൗഖ്യ ധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| ജനുവരി | 25-30 | ആന്തരികസൗഖ്യ ധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |

സീറ്റുകൾ ബുക്കുചെയ്യുന്നത് ഓൺലൈനിലൂടെ മാത്രം. എല്ലാമാസത്തിന്റെയും ഒന്നാം തീയതി (ഞായർ ഒഴികെ) രാവിലെ 10 മണിക്ക് ബുക്കിംഗ് ആരംഭിക്കും. address: www sehion.in ഫോൺ : 04924 - 253496

**സെഹിയോനിലെ മാറിയ ഫോൺനമ്പറുകൾ**

പ്രാർത്ഥനാസഹായം : 04924 227000

ധ്യാനം ബുക്കിംഗ് (അന്വേഷണങ്ങൾക്ക്) : 04924 253496, 8281473647

## സെഹിയോൻ ടെലിവിഷൻ

**സെഹിയോൻ വെബ് ലൈവ്**

സെഹിയോൻ ധ്യാനം കേന്ദ്രം വെബ്ബിലൂടെ ശുശ്രൂഷകൾ ആരംഭിച്ചിരിക്കുന്നു. എല്ലാ ആദ്യ ശനിയാഴ്ചയും രാവിലെ 10 മുതൽ ഉച്ചക്ക് 1 മണിവരെ ശുശ്രൂഷകൾ നടത്തപ്പെടുന്നു. address: www.sehion.org/ web TV

**സെഹിയോൻ റേഡിയോ**

സെഹിയോൻ ശുശ്രൂഷകൾ, മാറാനാത്ത അഭിഷേകാഗ്നി പ്രോഗ്രാമുകൾ, സഭാത്മക പ്രാർത്ഥനകൾ, വിശുദ്ധരുടെ നൊവേന, ക്രിസ്തീയ ഭക്തിഗാനങ്ങൾ തുടങ്ങിയവ 24 മണിക്കൂറും സെഹിയോൻ റേഡിയോയിലൂടെ ലഭ്യമാണ്. address: www sehionradio.org

ഇന്റർനെറ്റ് കണക്ഷനുള്ള മൊബൈൽ ഫോണുകളിലും ഇത് ലഭ്യമാണ്.

## സെഹിയോൻ ടൗൺമിനിസ്ട്രി

ജനുവരി 18 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ മിനിസ്ട്രീസ്





# മീഡിയ & കമ്മ്യൂണിക്കേഷൻസ്

## CHURCH DATA SOFTWARE

രൂപതയുടെ സ്വന്തം CHURCH DATA PLUS (Church data management software) തയ്യാറായിരിക്കുന്നു. JIM Diocesan Counter - ൽ നിന്നും SANJO Bookstall - ൽ നിന്നും CD കൾ ലഭിക്കുന്നതാണ്. ഒരു Software CD മൂന്ന് പള്ളികളുടെ Data enter ചെയ്യാൻ ഉപയോഗിക്കാം. ഒരു CD ക്ക് 1500/- രൂപ വില. ഉപയോഗിക്കുന്ന എല്ലാ പള്ളികളുടെയും കണക്കുപ്രകാരം CD യുടെ വില കൊടുക്കേണ്ടതാണ്. ഇത് പിന്നീടുള്ള Upgradations & Service - നു ഉപയോഗപ്രദം ആയിരിക്കും.

## CHURCH ACCOUNT SOFTWARE

രൂപതയിൽ ഇപ്പോൾ ഉപയോഗിക്കുന്ന CHURCH Account Software Version 5.01 ആണ്. നിങ്ങളുടെ Software open ചെയ്തു "About us" ക്ലിക്ക് ചെയ്താൽ Version മനസ്സിലാക്കുവാൻ സാധിക്കും. ഈ Version ഇനിയും ലഭിക്കാത്തവർ ദയവുചെയ്ത് ബന്ധപ്പെടുക.

ഫോൺ : 9447261643, Email: frshanadu@gmail.com

## RUBY JUBILEE DVD

രൂപതയുടെ റൂബി ജൂബിലി Documentary Video DVD JIM Diocesan Counter -ൽ നിന്നും SANJO Bookstall -ൽ നിന്നും ലഭിക്കുന്നതാണ്.

**ഫാ. ഷൈജു നടുവത്താനിയിൽ**
ഡയറക്ടർ

# പി. എസ്. എസ്. പി.

**കാർഷിക വായ്പ**

കൂട്ടുബാദ്ധ്യതാ സംഘങ്ങളിലൂടെ (J.L.G) കുറഞ്ഞ പലിശയ്ക്ക് ബാങ്ക് വായ്പയെടുത്ത് കാർഷികവൃത്തിചെയ്യുന്നതിനും മാസതവണകളായി വായ്പ തിരിച്ചടവ് നടത്തുന്നതിനുമായി പുതിയ അഞ്ഞൂറ് കർഷക സംഘങ്ങളെക്കൂടെ സഹായിക്കുന്നതിന് നബാർഡ് PSSPയെ ചുമതലപ്പെടുത്തിയിരിക്കുന്നു. കർഷകർ ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തുമല്ലോ. കൂട്ടുബാദ്ധ്യതാസംഘം രൂപീകരണവും നടത്തിപ്പും സംബന്ധിച്ച് കൂടുതൽ മനസ്സിലാക്കുന്നതിന് എല്ലാമാസവും ആദ്യത്തെയും മൂന്നാമത്തെയും

തിങ്കളാഴ്ചകളിൽ ചക്കാന്തറ പാസ്റ്ററൽ സെന്ററിൽ വെച്ച് രാവിലെ 10 മുതൽ 12.30 വരെ ഓറിയന്റേഷൻ ക്ലാസ്സ് നടന്നുവരുന്നു.

**മുട്ടക്കോഴി**

ശുദ്ധമായ മുട്ട, മാംസം, അധികവരുമാനം എന്നിവയ്ക്കായി മുട്ടക്കോഴി വളർത്താൻ താത്പര്യമുള്ളവർക്ക് എല്ലാ മാസവും വാങ്ങാവുന്ന തരത്തിൽ 40 ദിവസം പ്രായമുള്ള ക്രോയിലർ കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നു. ആവശ്യക്കാർ മുൻക്കൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

ഫോൺ : 0491 2558129

**ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ്**

ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ് 02.01.2015 നു വെള്ളിയാഴ്ച കാലത്ത് 11 മണിക്ക് പി.എസ്.എസ്.പി.യിൽ വച്ച് നടത്തപ്പെടുന്നു.

**ബ്ലോക്ക് ഫെഡ് മീറ്റിങ്ങുകൾ**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 03.01.15 | ശനി | പാലക്കാട് II | മുണ്ടൂർ | 11.00 am |
| 05.01.15 | തിങ്കൾ | ശ്രീകൃഷ്ണപുരം | ചെട്ടിയങ്ങാടി | 10.30 am |
| 06.01.15 | ചൊവ്വ | മലമ്പുഴ/പാലക്കാട് I | പാസ്റ്ററൽ സെന്റർ | 11.00 am |
| 14.01.15 | ബുധൻ | മണ്ണാർക്കാട് | കാരാക്കുറുശ്ശി | |
| 17.01.15 | ശനി | കുഴൽമന്ദം | കണ്ണനൂർ, SNDP ഹാൾ | 10.30 am |
| 19.01.15 | തിങ്കൾ | അട്ടപ്പാടി | ഗൂളിക്കടവ് | 10.30 am |
| 21.01.15 | ബുധൻ | നെന്മാറ | പാരിഷ്ഹാൾ | 10.00 am |
| 28.01.15 | ബുധൻ | ആലത്തൂർ | FCC വടക്കഞ്ചേരി | 10.30 am |

**റീജിയണൽ ഓഫീസ് ദിവസങ്ങൾ**

| തിയതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 12.01.15 | തിങ്കൾ | റീജിയണൽ ഓഫീസ്, ഗൂളിക്കടവ് | 10.30am to 2.00 pm |
| 15.01.15 | വ്യാഴം | കരിമ്പ പാരിഷ് ഹാൾ | 10.30am to 2.00 pm |
| 17.01.15 | ശനി | കണ്ണനൂർ SNDP ഹാൾ | 10.30am to 2.00 pm |
| 19.01.15 | തിങ്കൾ | റീജിയണൽ ഓഫീസ്, ഗൂളിക്കടവ് | 10.30am to 2.00 pm |
| 20.01.15 | ചൊവ്വ | സാൻജോ ടവ്വർ | 10.30am to 2.00 pm |
| 21.01.15 | ബുധൻ | നെന്മാറ പാരിഷ് ഹാൾ | 10.30am to 1.00 pm |
| 26.01.15 | തിങ്കൾ | റീജിയണൽ ഓഫീസ്, മുണ്ടൂർ | 10.00am to 2.00 pm |
| 28.01.15 | തിങ്കൾ | FCC വടക്കഞ്ചേരി | 10.30am to 2.00 pm |





**മെഡിക്ലെയിം**

ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്ന മെഡിക്ലെയിം പദ്ധതി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പി.എസ്.എസ്.പി. നടത്തിവരുന്നു. ഒരു വർഷത്തേക്ക് ഒരു വ്യക്തിക്ക് 365 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 550 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 700 രൂപയുമാണ് പ്രീമിയം. വർഷം 30000 രൂപ വരെ ആനുകൂല്യം ലഭിക്കും. 20 വയസ് കഴിഞ്ഞ ആൺകുട്ടികളേയും വിവാഹം കഴിഞ്ഞ പെൺകുട്ടികളെയും വെവ്വേറെ ചേർക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**നിത്യോപയോഗ സാധനങ്ങളുടെ നിർമ്മാണ വിപണന പരിശീലനം**

നിത്യോപയോഗ സാധനങ്ങളായ സോപ്പ്, സോപ്പുല്പന്നങ്ങൾ (10തരം ഉല്പന്നങ്ങൾ) എന്നിവയുടെ നിർമ്മാണവും വിപണനവും പരിശീലനവും PSSP നൽകി വരുന്നു. രണ്ടു ദിവസം നീണ്ടു നിൽക്കുന്നതാണ് പരിശീലനം. ആവശ്യമുള്ളവർ പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടുക.

**വനിതാ "ശിങ്കാരി മേളം"**

കരിമ്പ, പുതുക്കാട് കേന്ദ്രീകരിച്ച് പി.എസ്.എസ്.പി.യുടെ നേതൃത്വത്തിൽ സ്ത്രീകളുടെ ഒരു ശിങ്കാരിമേള ഗ്രൂപ്പ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. ഇതിന്റെ ഉദ്ഘടനം 9.1.2015ന് പൊലിമ കർഷികോത്സവത്തിന്റെ ഭാഗമായി ടൗൺഹാളിൽ വച്ച് നടത്തപ്പെടുന്നു. ബുക്കിംഗിന് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 0491 2527784, 9447020395, 0491 2520395, 9947852087

**നബാർഡ് വനിതാ സ്വയം സഹായ സംഘം (NWSHG)**

നിലവിൽ കുടുംബശ്രീയിൽ അംഗങ്ങളല്ലാത്ത സ്ത്രീകൾക്കുവേണ്ടി നബാർഡിന്റെ നേതൃത്വത്തിൽ പി.എസ്.എസ്.പി. ജില്ലയിൽ സ്ത്രീകളുടെ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നു. സ്വയം തൊഴിൽ, പരിശീലനങ്ങൾ നൽകി ബാങ്ക് വായ്പയോടുകൂടി ചെറുകിട സംരംഭങ്ങൾ തുടങ്ങുക എന്നതാണ് ലക്ഷ്യം. കേന്ദ്ര ഗവ. പദ്ധതിയായ ഈ അയൽക്കൂട്ടങ്ങൾ തുടങ്ങുവാനാഗ്രഹിക്കുന്നവർ പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടുക. ജില്ലയിൽ എവിടെയും സംഘങ്ങൾ തുടങ്ങി ചെറുകിട സംരംഭങ്ങൾ തുടങ്ങുവാൻ പി.എസ്.എസ്.പി. സഹായിക്കുന്നതാണ്.

**ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട്**

കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ കീഴിൽ പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട് ജില്ലയുടെ വിവിധഭാഗങ്ങളിൽ 2014-2015

വർഷത്തിലേക്ക് ആരംഭിച്ച കോഴ്സുകളുടെ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| Sl No | Course | Proposed batches | Enrolled batches |
|---|---|---|---|
| 1 | Tailor | 37 | 37 |
| 2 | Hand Embroidery | 4 | 4 |
| 3 | Machine Embroidery | 2 | 1 |
| 4 | Fabric Painting | 8 | 8 |
| 5 | Screen Printing | 8 | 6 |
| 6 | Plumbing & Sanitary Works | 2 | 2 |
| 7 | Basic Electrical Training | 2 | 1 |
| 8 | Bee Keeping | 1 | 1 |
| 9 | Fruits & Vegetable Processing & Preservation | 1 | 1 |
| 10 | Rexene/ Leather/Jute home & Office article Making | 1 | 1 |
| 11 | Bridal Jewllery Making | 1 | 1 |
| 12 | Computer Fundamental, MS Office and Internet | 1 | 1 |

* 2014 ഡിസംബർ മാസം 8-ാം തീയതി പറമ്പികുളത്ത് അഞ്ചരമാസം നീണ്ടുനിൽക്കുന്ന ഫാഷൻ ഡിസൈനിംഗ്, രണ്ടരമാസം നീണ്ടുനിൽക്കുന്ന ഇലക്ട്രീഷ്യൻ എന്നീ കോഴ്സുകളുടെ ഉദ്ഘാടനം പറമ്പികുളം ടൈഗർ ഹാളിൽ വെച്ച് പാലക്കാട് ജില്ലാപഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. പി.സി. അശോക് കുമാർ നിർവ്വഹിച്ചു.

* 2013-2014 സാമ്പത്തിക വർഷത്തിലെ PART-Bയിൽ നടത്തിയ കോഴ്സുകളുടെ സർട്ടിഫിക്കറ്റ് വിതരണം 2014 ഡിസംബർ മാസം 12-ാം തീയതി രാവിലെ 11 മണിക്ക് ജില്ലാ പഞ്ചായത്ത്ഹാളിൽ വെച്ച് പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ടി. എൻ. കണ്ടമുത്തൻ ഉദ്ഘാടനം ചെയ്തു.

* ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാടിന്റെ ബോർഡ്മീറ്റിംഗ് 2014 ഡിസംബർ മാസം 20-ാം തീയതി ജെഎസ്എസ് ഓഫീസ്, പാസ്റ്ററൽ സെന്റർ, ചക്കന്തറയിൽവെച്ച് നടത്തി.

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.





# From the Bishop's Diary

**2014 നവംബർ**

17 - സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

19 - കത്തീഡ്രൽ ഇടവകയിൽ ശ്രീ. റപ്പായി കരേരക്കാട്ടിലിന്റെ മൃതദേഹത്തിൽ ഒപ്പീസുപാടി.

- കല്ലേപ്പുള്ളി സെന്റ് മേരീസ് മൈനർ സെമിനാരിയിൽ ഹോം ഡേ ആഘോഷങ്ങളിൽ സംബന്ധിച്ചു.

20 - കഞ്ചിക്കോട് അസ്സീസി സന്യാസിനി ഭവനത്തിൽ സി. അലക്സിയ ഒ.എസ്.എഫ്. ന്റെ മൃതദേഹസംസ്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

21 - മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ പവർ കോൺഫറൻസിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

22 - റോമിൽ വി. ചാവറയച്ചന്റെയും വി. ഏവുപ്രാസ്യാമ്മയുടെയും വിശുദ്ധ പദവി പ്രഖ്യാപനത്തിന്റെ തലേദിവസം മേരി മേജർ ബസിലിക്കയിൽ നടത്തപ്പെട്ട സായാഹ്നപ്രാർത്ഥനയിൽ സംബന്ധിച്ചു.

23 - വത്തിക്കാൻ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ വി. ചാവറയച്ചന്റെയും വി. ഏവുപ്രാസ്യാമ്മയുടെയും വിശുദ്ധ പദവി പ്രഖ്യാപന ശുശ്രൂഷയിൽ സംബന്ധിച്ചു.

24 - വത്തിക്കാൻ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ നടന്ന കൃതജ്ഞതാബലിയർപ്പണത്തിൽ സംബന്ധിച്ചു.

28 - റോമിൽനിന്നും തിരിച്ചെത്തി

29 - കാക്കനാട് രാജഗിരിവാലിയിൽ വി. ചാവറയച്ചന്റെയും വി. ഏവുപ്രാസ്യാമ്മയുടെയും വിശുദ്ധ പദവി പ്രഖ്യാപനത്തിന്റെ ദേശീയതല ആഘോഷത്തിൽ സംബന്ധിച്ചു.

30 - ധോണി മരിയൻ റിന്യൂവൽ സെന്ററിൽ ടീമംഗങ്ങൾക്ക് സന്ദേശം നൽകി.

**2014 ഡിസംബർ**

1 - സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

2 - രൂപതാകാര്യാലയത്തിൽ എപ്പാർക്കിയൽ അസംബ്ലിയുടെ സെൻട്രൽ കമ്മിറ്റി മീറ്റിംഗിൽ ആദ്ധ്യക്ഷ്യംവഹിച്ചു.

- ഷാന്ദാ രൂപതാദ്ധ്യക്ഷൻ മാർ എഫ്രേം നരികുളം പിതാവ് രൂപതാകാര്യാലയം സന്ദർശിച്ചു.

3 - രൂപതാകാര്യാലയത്തിൽ നടന്ന ഇന്റർ കൂരിയാ മീറ്റിംഗിൽ സംബന്ധിച്ചു.

4 - സെഹിയോൻ ധ്യാനകേന്ദ്രത്തിൽ ധ്യാനത്തിൽ സംബന്ധിച്ച ഡീക്കന്മാർക്ക് സന്ദേശം നൽകി.

- മണ്ണാർക്കാട് ഡൊമിനിക്കൻ സിസ്റ്റേഴ്സിന്റെ ഇലക്ഷൻ സിനാക്സിസിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

5 - സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

6 - രൂപതാകാര്യാലയത്തിൽ പ്രസ്ബിറ്ററൽ കൗൺസിൽ മീറ്റിംഗിലും കൺസൾട്ടേഴ്സ് മീറ്റിംഗിലും ആദ്ധ്യക്ഷ്യംവഹിച്ചു.

- കൊടുവായൂർ മേരിയൻ കോളേജിന്റെ 36-ാം വാർഷികദിനാഘോഷത്തോടനുബന്ധിച്ച് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

8 - സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

9-11 പി.ഒ.സിയിൽ കെ.സി.ബി.സി സമ്മേളനത്തിൽ സംബന്ധിച്ചു.

11 - കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കാറ്റിക്കിസം ഡയറക്ടേഴ്സ് മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

12 - രൂപതാകാര്യാലയത്തിൽ സന്യസ്ത വർഷാചരണം സംബന്ധിച്ച് ആലോചിക്കുന്നതിനുവേണ്ടി കൂടിയ മേജർ സുപ്പീരിയേഴ്സിന്റെ മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

13 - ഒതുംങ്ങോട് സമന്വയ ഇൻസ്റ്റിറ്റ്യൂട്ടിൽ പുതുതായി ആരംഭിച്ച ഡി.ബി. ടെക്സ് പരിശീലനകേന്ദ്രം ഉദ്ഘാടനം ചെയ്തു.

14 - മൈലംപുള്ളി സെന്റ് മേരീസ് ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ചു.

15 - സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

16 - രൂപതാകാര്യാലയത്തിൽ വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു.

17 - ആലത്തൂർ ജയിൽ സന്ദർശിച്ച് അന്തേവാസികൾക്ക് ക്രിസ്തുമസ്സ് സന്ദേശം നൽകി.

- പൊൽപ്പുള്ളി സെറാഫിക് നോവിഷ്യേറ്റ് ഹൗസിൽ നോവീസ്സസിന് ക്ലാസ്സെടുത്തു.

- ഒലവക്കോട് സെന്റ് ജോസഫ് ഫൊറോനപ്പള്ളിയിൽ ഒരു കുട്ടിക്ക് ജ്ഞാനസ്നാനവും സ്ഥൈര്യലേപനവും നൽകി. പുതുതായി നിർമ്മിച്ച പാരീഷ്ഹാൾ വെഞ്ചരിച്ചു.





18 - വടക്കഞ്ചേരി ദൈവദാൻ അഗതിമന്ദിരം സന്ദർശിച്ച് അന്തേവാസികൾക്ക് മധുരപലഹാരങ്ങൾ വിതരണം ചെയ്തു.

- ആയുർപാലന ആശുപത്രിയിൽ മീഡിയ സെന്റർ ഉദ്ഘാടനം ചെയ്തു.

- ആയുർപാലന ആശുപത്രിയിൽ ക്രിസ്തുമസ് ആഘോഷത്തിൽ സംബന്ധിച്ച് സന്ദേശം നൽകി.

19 - സീനായ് ധ്യാനകേന്ദ്രത്തിൽ ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു.

- ക്രിസ്തുമസ് പ്രമാണിച്ച് കരിമ്പയിലും മലമ്പുഴയിലുമുള്ള ഓർഫനേജുകളും വൃദ്ധമന്ദിരങ്ങളും സന്ദർശിച്ച് മധുരപലഹാരങ്ങൾ വിതരണം ചെയ്തു.

20 - പാസ്റ്ററൽ സെന്ററിൽ കാറ്റിക്കിസം കൗൺസിൽ അംഗങ്ങളുടെ ക്രിസ്തുമസ് ആഘോഷത്തിൽ സംബന്ധിച്ച് സന്ദേശം നൽകി.

21 - ടൗൺ ഹാളിൽ ടൗൺമിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ഏകദിന കൺവെൻഷനിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

- കൊട്ടേക്കാട് സ്നേഹജ്വാല അഗതിമന്ദിരം സന്ദർശിച്ച് അന്തേവാസികൾക്ക് മധുരപലഹാരം വിതരണം ചെയ്തു.

- കല്ലേപ്പുള്ളി സെന്റ് മേരീസ് മൈനർ സെമിനാരിയിൽ രൂപതയിലെ എല്ലാ വൈദികവിദ്യാർത്ഥികളും ഒരുമിച്ച് കൂടി നടത്തിയ ക്രിസ്തുമസ് പരിപാടിയിൽ സംബന്ധിച്ചു.

22 - പാലക്കാട് ജില്ലാ ആശുപത്രിയിൽ കൊട്ടേക്കാട് സ്നേഹജ്വാലയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ക്രിസ്തുമസ് ആഘോഷങ്ങളിൽ സംബന്ധിച്ച് രോഗികൾക്ക് കേക്ക് വിതരണം ചെയ്തു.

23 - കഞ്ചിക്കോട് മരിയൻ വില്ലേജ് സന്ദർശിച്ച് അന്തേവാസികൾക്ക് കേക്ക് വിതരണം ചെയ്തു.

- മുതുകാട് നസ്രത്ത് എച്ച്.ഐ.വി.ഏയ്ഡ്സ് സെന്ററിൽ ക്രിസ്തുമസ് ആഘോഷത്തിൽ സംബന്ധിച്ചു.

24 - അരമനയിൽ ക്രിസ്തുമസ് മംഗളങ്ങൾ നേരാൻ വന്നവരെ സ്വീകരിച്ചു.

- സെന്റ് റാഫേൽസ് കത്തീഡ്രലിൽ ലൈവ് പുൽക്കൂട് ഉദ്ഘാടനം ചെയ്തു.

25 - സെന്റ് റാഫേൽസ് കത്തീഡ്രലിൽ തിരുപ്പിറവിയുടെ ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.